പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 211 — 02.07.2008 ൽ മറുപടിക്ക്

# പച്ചക്കറികൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് തറവില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ. കെ. ബാബു | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറികൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ തറവില പ്രഖ്യാപിച്ചിട്ടുണ്ട് ? | (എ) | ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തുകൾ |
| (ബി) | ഓരോ ഇനം പച്ചക്കറിക്കും പ്രഖ്യാപിച്ച തറവില എത്രവീതമാണെന്ന് വ്യക്തമാക്കാമോ? | (ബി) | 18 ഇനം പച്ചക്കറികൾക്കാണ് തറവില നിശ്ചയിച്ചിട്ടുള്ളത്. തറവില സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പച്ചക്കറി കർഷകർക്ക് പ്രഖ്യാപിക്കപ്പെട്ട തറവിലയോ, അതിൽ കവിഞ്ഞ വിലയോ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നത് എപ്രകാരമാണ്? | (സി) | ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലൂടെ കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് പഞ്ചായത്തുകളിൽ പച്ചക്കറി ഉത്പാദനം ഗണ്യമായി വർദ്ധിക്കുകയുണ്ടായി. കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നത്തിന് വിപണിയും മെച്ചപ്പെട്ട വിലയും ഉറപ്പാക്കേണ്ടത് ആവശ്യമായി വന്നു. ജൈവ പച്ചക്കറി കൃഷി വഴി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കേണ്ടിയുമിരുന്നു. ഈ സാഹചര്യത്തിൽ മാർക്കറ്റ് വിലയ്ക്ക് പച്ചക്കറി സംഭരിച്ച് വിപണനം നടത്താൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള ഡെവലപ്മെന്റ് സൊസൈറ്റികൾ തീരുമാനിച്ചു. കർഷകർക്ക് ഉത്പാദന ചെലവിനോടൊപ്പം കുറഞ്ഞത് 20% ലാഭം ഉറപ്പാക്കി തറവിലയും നിശ്ചയിച്ചു. ഇതുമൂലം പി.ഡി.എസ്സിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് നികത്തുന്നതിന് മറ്റ് വിപണനത്തിലൂടെ ലഭിക്കുന്ന ലാഭം ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. തറവില പ്രഖ്യാപിച്ചതിനു ശേഷം വഴുതന, കോവൽ എന്നീ രണ്ടിനം പച്ചക്കറികൾക്ക് മാത്രമാണ് തറവിലയേക്കാൾ പൊതുവിപണിയിലെ വില കുറഞ്ഞത്. ഇപ്പോൾ എല്ലാ ഇനം പച്ചക്കറികൾക്കും തറവിലയേക്കാൾ ഉയർന്ന വിലയാണ് കർഷകർക്ക് ലഭിക്കുന്നത്. |
| (ഡി) | ഗ്രാമപഞ്ചായത്ത് തലത്തിൽ തറവില പ്രഖ്യാപിച്ചതുകൊണ്ട് എത്ര പച്ചക്കറി കർഷകർക്ക് ഉയർന്ന വില ലഭിച്ചു ? | (ഡി) | 19.05.2008 മുതലാണ് തറവില നിലവിൽ വന്നത്. അതിനുശേഷം കഞ്ഞിക്കുഴി പഞ്ചായത്തിൽ 300 കർഷകർക്കും മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ 316 കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | വിള | തറവില (രൂപ കിലോ ഗ്രാമിന് ) |
|---|---|---|
| 1 | ചീര | 8.00 |
| 2 | പാവൽ | 15.00 |
| 3 | പടവലം | 8.00 |
| 4 | വള്ളിപ്പയർ | 12.00 |
| 5 | കുറ്റിപ്പയർ | 8.00 |
| 6 | പീച്ചിൽ | 10.00 |
| 7 | വെണ്ട | 8.00 |
| 8 | വഴുതന | 8.00 |
| 9 | പച്ചമുളക് | 18.00 |
| 10 | കാന്താരി | 40.00 |
| 11 | മുള്ളൻവെള്ളരി | 8.00 |
| 12 | വെള്ളരി | 5.00 |
| 13 | കുമ്പളം | 4.50 |
| 14 | മത്തൻ | 4.50 |
| 15 | തക്കാളി | 8.00 |
| 16 | കോവൽ | 10.00 |
| 17 | ചേന | 7.00 |
| 18 | ചേമ്പ് | 10.00 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 212 02-07-2008 ൽ മറുപടിക്ക്.

ബസ് ചാർജ്ജ് വർദ്ധന

| ചോദ്യം:<br>ശ്രീ.എ.പി.അനിൽകുമാർ : | ഉത്തരം<br>ശ്രീ. മാത്യു.ടി.തോമസ്<br>ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി |
|---|---|
| (എ). ബസ് ചാർജ് വർദ്ധിപ്പിക്കണമെന്ന് കെ.എസ്.ആർ.ടി.സി ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കണമെന്നാണ് കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുള്ളത് ; | (എ). ഉണ്ട്. ശരാശരി 10.50% വർദ്ധനയാണ് കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുള്ളത് സ്വകാര്യ ബസ്സുടമകളും ചാർജ് വർദ്ധന ആവശ്യപ്പെട്ടിട്ടുണ്ട് |
| (ബി). ബസ് ചാർജ് വർദ്ധന നിലവിൽ വരികയാണെങ്കിൽ യാത്രക്കാരിൽ നല്ലൊരു വിഭാഗം യാത്രാ നിരക്കു കുറഞ്ഞ തീവണ്ടിയെ ആശ്രയിക്കേണ്ടി വരുമെന്നതിനാൽ കെ എസ്.ആർ.ടി.സി.യുടെ നിലനിൽപുപോലും അപകടത്തിലാവുമെന്ന വസ്തുത ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ ; | (ബി). കെ.എസ്.ആർ.ടി.സി കൂടുതൽ സർവ്വീസുകളും നടത്തുന്നത് ട്രെയിൻ സർവ്വീസ് സൗകര്യമില്ലാത്ത പ്രദേശങ്ങളിലാണ് ബസ് യാത്രക്കാർക്ക് അവർക്ക് ആവശ്യമുള്ള സ്ഥലത്തുനിന്നും ആവശ്യമുള്ള സമയത്ത് ബസിൽ കയറാനും ആവശ്യമുള്ള സ്ഥലത്തിറങ്ങാനും കഴിയും എന്നതാണ് ബസ് യാത്രക്കുള്ള സൗകര്യം. ഈ സൗകര്യമുള്ളതു കാരണം ബസ് യാത്രക്ക് ചാർജ് കൂടുതൽ എന്ന കാരണത്താൽ യാത്രക്കാർ കുറയാറില്ലായെന്നാണ് മുൻപ് നടന്ന ചാർജ് വർദ്ധനയുടെ കാലത്തുള്ള അനുഭവങ്ങളിൽ നിന്നും മനസ്സിലാകുന്നത്. ~~കൂടാതെയുമല്ല~~. മാത്രവുമല്ല സ്ലീപ്പർ ക്ലാസ്സിനും താഴെയുള്ള കോച്ചുകളിൽ മാത്രമാണ് കെ.എസ്.ആർ.ടി.സി ചാർജ്ജിനേക്കാൾ കുറഞ്ഞ യാത്രാക്കൂലി റെയിൽവെ ഈടാക്കുന്നത്. വർദ്ധിച്ച പ്രവർത്തന ച്ചെലവ് കണക്കിലെടുത്തും കെ എസ്.ആർ.ടി.സി-യുടെ നിലനിൽപ്പ് അപകടത്തിലാകാതിരിക്കുകയും ചെയ്യുന്ന തരത്തിലുള്ള നിരക്ക് പരിഷ്കരണമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (സി). എങ്കിൽ ചാർജ് വർദ്ധനയ്ക്കു മുമ്പായി ഇതു സംബന്ധിച്ച പഠനം നടത്തി ചാർജ് വർദ്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | ചാർജ് വർദ്ധന ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി ഉന്നയിച്ചിരിക്കുന്ന കാരണങ്ങളും സ്വകാര്യ ബസ്സുകൾ ഉന്നയിച്ചിരിക്കുന്ന കാരണങ്ങളും പൊതുജനങ്ങളുടെ താൽപര്യങ്ങളും പരിഗണിച്ചുകൊണ്ട് ഉചിത തീരുമാനം എടുക്കുന്നതാണ് |

Shulekha
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 213 02-07-2008 ൽ മറുപടിയ്ക്ക്

റോഡു സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം: | ഉത്തരം |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.ബാബു.എം.പാലിശ്ശേരി :<br>ശ്രീ.സി.എം.ദിനേശ് മണി :<br>ശ്രീ.കെ.കുഞ്ഞിരാമൻ : | ശ്രീ. മാത്യൂ.ടി.തോമസ്<br>ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി |

(എ). റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(എ). റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക.
2. റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
3. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.
4. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവഹണം നടത്തുന്ന എല്ലാ ഏജൻസികളുടേയും സർക്കാർ വകുപ്പുകളുടേയും പ്രവർത്തനം ഏകോപിപ്പിക്കുക.
5. റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.
6. റോഡ് സുരക്ഷാ ഫണ്ടിന്റെ നടത്തിപ്പ്.
7. റോഡ് സുരക്ഷാ പദ്ധതികളും , പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.
8. റോഡ് സുരക്ഷാ പ്രോജക്ടുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധ

പ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക.

9. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക.
10. ട്രോമ - കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.
11. അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാ പ്രവർത്തനങ്ങൾക്കായി സ്വയം സഹായസംഘങ്ങൾ രൂപീകരിക്കുക.

(ബി). അതോറിറ്റി നിലവിൽ വന്നതിനുശേഷം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി). അതോറിറ്റിയും, അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗങ്ങൾ ചേർന്ന്, താഴെപ്പറയുന്ന നടപടികൾ/തീരുമാനങ്ങളെടുത്തിട്ടുണ്ട്.

1. ഓരോ ജില്ലയിലേയും റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ റോഡു സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
2. റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുക, അപകട സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ അതിനുള്ള കാരണം കണ്ടുപിടിച്ച് നിവാരണം നടത്തുക, ട്രാഫിക് ചിഹ്നങ്ങളും ലൈറ്റുകളും സ്ഥാപിക്കുക, വാഹനപരിശോധന കർശനമാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ഡ്രൈവിംഗ് ടെസ്റ്റിംഗ് കമ്പ്യൂട്ടർവൽക്കരിക്കുക, ഡ്രൈവർമാർക്കും മറ്റ് റോഡ് ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുക, അപകടമുണ്ടായാൽ ഉടനടിവൈദ്യസഹായമെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവയാണ് പരിഗണിച്ചു വരുന്നത്.

3. അതോറിറ്റിയുടെ തീരുമാനപ്രകാരം, ഗതാഗതം, പോലീസ്, ആരോഗ്യം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സമർപ്പിച്ച നടപ്പുപദ്ധതികൾ (Action Plan) എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിക്കുകയും, ആയത് വിശദമായി പഠിക്കാനും, ശുപാർശ നൽകാനും സയൻസ് ആന്റ് ടെക്നോളജി, പ്രിൻസിപ്പൽ സെക്രട്ടറി (Director, NATPAC) ചെയർമാനായി ഉള്ള സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടു ലഭിക്കുന്നതോടെ എക്സിക്യൂട്ടീവ് കമ്മറ്റി പരിശോധിച്ച് അതോറിറ്റിയ്ക്ക് നൽകുന്നതാണ്.
4. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ റഡാർ സർവെയിലൻസ് സിസ്റ്റം ഏർപ്പെടുത്താനും ആധുനിക രീതിയിലുള്ള ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.
5. അശ്രദ്ധമായ ഡ്രൈവിംഗ് നിരുത്സാഹപ്പെടുത്തുന്നതിനായി മോട്ടോർ വാഹനചട്ടങ്ങളിലെ പിഴയായി ഈടാക്കുന്ന തുകകൾ വർദ്ധിപ്പിക്കാനും റോഡപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ്/ക്യാൻസൽ ചെയ്യാനുള്ള നിയമ ഭേദഗതികൾ ശുപാർശ ചെയ്യാനുമുള്ള നടപടി കൈക്കൊണ്ടുവരികയാണ്.
6. District Road Safety Council മുഖേന അതാത് ജില്ലകളിൽ ഉണ്ടാകുന്ന അപകടങ്ങൾ വിശകലനം ചെയ്യാനും അപകട ഹേതു കണ്ടുപിടിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കാനും പദ്ധതിയുണ്ട്.

(സി). വിവിധ ഏജൻസികളുടെ റോഡ് സുരക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി). റോഡു സുരക്ഷാ അതോറിറ്റി, ആഭ്യന്തരം, വിദ്യാഭ്യാസം, പൊതുമരാമത്ത് , ആരോഗ്യം ഗതാഗതം, തദ്ദേശസ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളുടെ മേലധികാരികൾ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയ

ത്തിനാൽ ഈ വകുപ്പുകളുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ അതോറിറ്റി വഴി സാധിക്കും. കൂടാതെ ഗതാഗത കമ്മീഷണറെ ഇപ്രകാരം ഏകോപിപ്പിക്കുന്നതിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. 2008-09 വർഷത്തേയ്ക്ക് വിവിധ വകുപ്പുകൾ നടത്തേണ്ട പ്രവർത്തനങ്ങളുടെ ആക്ഷൻ പ്ലാൻ അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത്, ആരോഗ്യം, ആഭ്യന്തരം, മോട്ടോർ വെഹിക്കിൾസ് എന്നീ വകുപ്പുകൾ സമർപ്പിച്ച ആക്ഷൻ പ്ലാൻ അതോറിറ്റിയുടെ സബ് കമ്മിറ്റി പരിശോധിച്ചുവരികയാണ്. പ്രസ്തുത കമ്മിറ്റി നിർദ്ദേശിക്കുന്ന ഇനങ്ങൾ അതോറിറ്റി അടിയന്തിരമായി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി). റോഡപകടങ്ങൾ കൂടുതൽ സംഭവിക്കുന്ന സ്ഥലങ്ങൾ പ്രത്യേകം നിരീക്ഷിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

(ഡി). റോഡപകടങ്ങൾ കൂടുതൽ സംഭവിക്കുന്ന സ്ഥലങ്ങൾ നിരീക്ഷിക്കുക, അവിടെ അപകടങ്ങൾക്കു കാരണമാകുന്ന ഘടകങ്ങൾ കണ്ടെത്താനുള്ള പഠനങ്ങൾ നടത്തുക, ആവശ്യമുള്ള പരിഹാര മാർഗ്ഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിലൂടെ നടപ്പാക്കുക, എന്നിവ അതോറിറ്റിയുടെ അധികാരപരിധിയിലുള്ള കാര്യങ്ങളാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

Sulekha

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 214　　02.07.2008 ൽ മറുപടിയ്ക്ക്

### വില്ലേജ് ഓഫീസുകളിൽനിന്നും വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സാജുപോൾ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം ചന്ദ്രൻ<br>ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.കെ.പി.പത്മനാഭൻ | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) വില്ലേജ് ആഫീസുകളിൽനിന്നും വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റ് ഏതെങ്കിലും ഒരു ആവശ്യത്തിനുവേണ്ടി മാത്രം നൽകുന്ന നടപടി അവസാനിപ്പിക്കുമോ;<br><br>(ബി) സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നകാര്യം പരിഗണിക്കുമോ? | (എ, ബി) നിലവിലുണ്ടായിരുന്ന നിയമപ്രകാരം വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. പൊതുജനങ്ങൾക്ക് ഇതുമൂലം പലപ്രാവശ്യം വില്ലേജ്/ താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിയിരുന്നു. ഇത്, ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായിസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് പരിഹരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനുമായി വില്ലേജ്/താലൂക്ക്/ ആർ.ഡി.ഒ ആഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് സാധുത കാലയളവ് ദീർഘിപ്പിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുന:ക്രമീകരിച്ചും 27.04.2007ലെ ജി.ഒ.(എം.എസ്)നം.136/07/ ആർഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം സർട്ടിഫിക്കറ്റുകളും ഇപ്പോഴും പ്രത്യേക ആവശ്യത്തിന് മാത്രമായിട്ടാണ് നൽകിവരുന്നത് . സർട്ടിഫിക്കറ്റുകളുടെ സ്വഭാവവും തരവും അനുസരിച്ച് പ്രായോഗി |

(...2)

കരയും ഭരണപരമായ വസ്തുതകളും കണക്കിലെടുത്താണ് അപ്രകാരം ചെയ്തുവരുന്നത്. 01.10.2007 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 351/07/ആർഡി പ്രകാരം സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷാഫോറവും സർട്ടിഫിക്കറ്റുകളുടെ മാതൃകാഫോറവും നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട് (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി വച്ചിട്ടുണ്ട്).

ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് വിവിധ പട്ടികജാതി, പട്ടികവർഗ്ഗസംഘടനകളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികൾ പരിശോധിക്കുവാൻ ഗവൺമെന്റ് ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പകർപ്പിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 215 02-07-08 ൽ മറുപടിക്ക്

അന്യ സംസ്ഥാന ലോട്ടറികളുടെ നിയമലംഘനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.എൻ.അനിരുദ്ധൻ :<br>ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീ.കെ.അജിത് :<br>ശ്രീ.രാജാജി മാത്യു തോമസ് :<br>ശ്രീ.എൻ.രാജൻ | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) ലോട്ടറി നിരോധനത്തെക്കുറിച്ച് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുന്നതിന് കേന്ദ്രം യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് വിളിച്ചു ചേർത്തതെന്നറിയിക്കാമോ; | (എ) ഉണ്ട്. പ്രസ്തുത യോഗം 11-06-2008ൽ ഡൽഹിയിലാണ് നടന്നത്. |
| (ബി) ഈ യോഗത്തിൽ ലോട്ടറി നിരോധനത്തെ സംബന്ധിച്ച് കേരളം സമർപ്പിച്ച അഭിപ്രായം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) നിലവിലുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കൊണ്ട് പേപ്പർ ലോട്ടറികൾ നടത്താൻ അനുവദിക്കണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ ഉറച്ച അഭിപ്രായം. ഓൺ ലൈൻ ലോട്ടറി നിരോധനം തുടരണം, ഓൺലൈൻ ലോട്ടറി നിരോധിച്ചുകൊണ്ട് സംസ്ഥാന നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ നിയമത്തെ സുപ്രീം കോടതിയിൽ കേന്ദ്ര സർക്കാർ പിന്തുണയ്ക്കണം, കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിൽ ഓൺലൈൻ ലോട്ടറികൾ നിരോധിച്ചുകൊണ്ടുള്ള ഭേദഗതി ആവശ്യമെങ്കിൽ വരുത്തണം, കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റെ 4-ാം വകുപ്പിന്റെ ലംഘനത്തിനെതിരായി നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് അധികാരം ഉണ്ടാകണം എന്നിവയാണ് ലോട്ടറി നിരോധനം സംബന്ധിച്ച് കേരളം സമർപ്പിച്ച അഭിപ്രായം. |
| (സി) സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറികളുടെ നിയമലംഘനം | (സി) ഉണ്ട്. അന്യ സംസ്ഥാന ലോട്ടറികൾ കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റെ 4-ാം വകുപ്പിലെ നിബന്ധനകൾ ലംഘിച്ച് നട |

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;
എങ്കിൽ അവ കണ്ടുപിടിച്ച്
പരിഹരിക്കുന്നതിനായി
എന്തെല്ലാം
നടപടികളെടുത്തു
വരുന്നുണ്ടെന്ന്
വ്യക്തമാക്കുമോ ?

ത്തുന്നവയാണ് എന്ന് വകുപ്പിനു കിട്ടിയ തെളിവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് നൽകുകയും; ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊമോട്ടർമാരിൽ നിന്ന് മുൻകൂർ നികുതി ഈടാക്കുന്നത് നിർത്തി വയ്ക്കുകയും, രജിസ്ട്രേഷൻ റദ്ദാക്കുന്നതിലേയ്ക്ക് നോട്ടീസ് നൽകുകയും ചെയ്യു. എന്നാൽ കോടതി വിധികളെ തുടർന്ന് നികുതി സ്വീകരിക്കുന്നുണ്ട്. W.A.88/07ലെ 30-03-07ലെ വിധിയിൽ ബഹു.ഹൈക്കോടതി അന്യസംസ്ഥാന ലോട്ടറികൾ കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം 1998ലെ വ്യവസ്ഥകൾ ലംഘിച്ചാൽ നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന് പ്രസ്താവിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന് വേണ്ടി കോടതിയിൽ ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ, സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ അധികാരമില്ല എന്ന നിലപാടാണ് സ്വീകരിച്ചത്. അന്യസംസ്ഥാന ലോട്ടറികളുടെ വിവിധ നിയമലംഘനങ്ങൾ പല തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. വിജിലൻസ് അന്വേഷണ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകുകയും ചെയ്യു. 11-06-08ൽ ഡൽഹിയിൽ വച്ച് കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ നിലപാടുകൾ ആവർത്തിച്ച് അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ മേൽ പ്രസ്താവിച്ച നിലപാട് വ്യക്തമാക്കുന്ന ഒരു കത്ത് 25-06-2008ൽ കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുമുണ്ട്.

chandrika

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 216 — 02.07.2008 ൽ മറുപടിക്ക്

## അനധികൃത ഭൂമി ഇടപാടുകൾ കണ്ടെത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. രാജഗോപാലൻ;<br>ശ്രീ. ജോർജ്ജ് എം. തോമസ്;<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ;<br>ശ്രീ. ബി.ഡി. ദേവസ്സി;<br>ശ്രീ. കെ. ടി. ജലീൽ | ശ്രീ. കെ.പി. രാജേന്ദ്രൻ<br>റവന്യൂ വകുപ്പ് മന്ത്രി |
| (എ) അനധികൃതമായ ഭൂമി ഇടപാടുകൾ കണ്ടെത്താൻ പോക്കുവരവുകൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. അനധികൃത ഭൂമി ഇടപാടുകൾ കണ്ടെത്തുന്നതിനും പോക്കുവരവ് റദ്ദാക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ ഇൻസ്പെക്ഷൻ-കം-വിജിലൻസ് വിങ്ങും രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം റവന്യൂ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ റവന്യൂ ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനുള്ള ചുമതല ജില്ലകളിൽ ആർക്കാണ് നൽകിയിട്ടുള്ളത്; | (ബി) ഒരു ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിലുള്ള ഇൻസ്പെക്ഷൻ-കം-വിജിലൻസ് വിഭാഗമാണ് ജില്ലകളിൽ ഈ ചുമതല നിർവ്വഹിക്കുന്നത്. |
| (സി) അനധികൃത ഭൂമി ഇടപാട് കണ്ടെത്തിയാൽ ഉടനെ കേസ് എടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) ഉണ്ട്. 26.05.2008 ലെ ജി.ഒ.(ആർ.റ്റി)നമ്പർ1785/08/റവന്യൂ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

(തുടരും)

(എഫ്) ഭൂപരിഷ്കരണ നിയമത്തിന്റെ വകുപ്പുകൾ ലംഘിച്ച് വൻതോതിൽ കൃഷിഭൂമി ട്രസ്റ്റുകളുടെ പേരിൽ വാങ്ങിക്കൂട്ടിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി മേൽ നടപടി സ്വീകരിക്കുമോ?

(എഫ്) ഉണ്ട്.

ഇതു സംബന്ധിച്ച് അന്വേഷണം നടത്തി മേൽ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം ലംഘിച്ച് വൻതോതിൽ ഭൂമി കൈവശം വെയ്ക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ട എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ചില കേസുകളിൽ സ്വമേധയാ കേസെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ പരിശോധന നടന്നു വരുന്നു. അനധികൃത ഭൂമി വിൽപ്പനയും, കൈമാറ്റവും തടയുന്നതിനും കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിയമവിരുദ്ധമായി കൈവശപ്പെടുത്തിയ ഭൂമി തിരിച്ചെടുക്കുന്നതിനും, കുറ്റക്കാരായവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം : 217 — 02-07-2008-ൽ മറുപടി നൽകേണ്ടത്

## വൻകിട കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കർശന നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.വി.സുരേന്ദ്രൻപിള്ള | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) ഫ്ളാറ്റുകളും,ഷോപ്പിംഗ് കോംപ്ലക്സുകളുമടക്കം വൻകിട കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയോ; | (എ) 1999-ലെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ അദ്ധ്യായം 17 -ലെ ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് ഫ്ളാറ്റുകളും, ഷോപ്പിംഗ് കോംപ്ലക്സും അടക്കമുള്ള വൻകിട കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നത്. ടി റൂൾസിൽ കാലോചിതമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |
| (ബി) മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) എത്ര നില മുതലുള്ള കെട്ടിടങ്ങൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തുന്നത്; | (സി) |
| (ഡി) ഫ്ളാറ്റ് നിർമ്മാണത്തിന് ഏതൊക്കെ നിബന്ധനകളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ? | (ഡി) } വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.218 — 02.07.2008 ൽ മറുപടി നൽകേണ്ടത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. കെ. പുരുഷോത്തമൻ | ശ്രീ. കെ.പി.രാജേന്ദ്രൻ |
| ശ്രീ. കെ. കുഞ്ഞിരാമൻ | (റവന്യൂ വകുപ്പ് മന്ത്രി) |
| ശ്രീ. ടി.പി. കുഞ്ഞുണ്ണി | |
| ശ്രീ. എ.സി. മൊയ്തീൻ | |
| ശ്രീ. എസ്. രാജേന്ദ്രൻ | |

**മിച്ചഭൂമി വിതരണവും മിച്ചഭൂമി സംബന്ധിച്ച കേസുകളും**

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| (എ) | മിച്ചഭൂമി വിതരണം ചെയ്യുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 86,87 പ്രകാരം ഏറ്റെടുത്ത മിച്ചഭൂമിയാണ് ഭൂരഹിത കർഷകതൊഴിലാളികൾക്കും മറ്റ് അർഹതപ്പെട്ടവർക്കും വിതരണം ചെയ്യുന്നത് 1974-ലെ സീലിംഗ് ചട്ടം 27 പ്രകാരം ഫാറം 16-ൽ മിച്ചഭൂമി പതിവിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് നിർദ്ദിഷ്ട ഫാറത്തിലുള്ള നോട്ടീസ് താലൂക്കിലും വില്ലേജിലും തൊട്ടടുത്ത വില്ലേജുകളിലും പത്രമാധ്യമങ്ങളിലും പരസ്യം കൊടുത്ത് ഫാറം 17 പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 ഉം 1974 ലെ മിച്ചഭൂമി ചട്ടം 30 ഉം അനുസരിച്ച് മിച്ചഭൂമി അർഹതപ്പെട്ടവർക്ക് പതിച്ചു നൽകുകയാണ് ചെയ്യുന്നത്.<br>കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ലഭ്യമായ മുഴുവൻ മിച്ചഭൂമിയും സ്ഥലപരിശോധന നടത്തി വിതരണയോഗ്യമായ മിച്ചഭൂമി അർഹതപ്പെട്ടവർക്ക് സർക്കാർ തീരുമാനിച്ചിട്ടുള്ള ഭൂമി വിതരണമേളയിൽ വച്ച് നിയമാനുസൃതം പട്ടയം വിതരണം നടത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം എത്ര ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട് | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 257(2563 94.582) ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷിക വേളയിൽ |

| | | | |
|---|---|---|---|
| | | | ജൂലൈ , ആഗസ്റ്റ് മാസങ്ങളിലായി ആയിരത്തോളം ഏക്കർ ഭൂമി വിവിധ ജില്ലകളിലായി വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | എത്ര മിച്ചഭൂമി കേസുകൾ ഇപ്പോൾ നിലവിലുണ്ട്; ഇവ തീർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ 1543 മിച്ചഭൂമി കേസുകൾ 63 താലൂക്ക് ലാൻഡ് ബോർഡുകളിലായി നിലവിലുണ്ട്. ഇവ അടിയന്തിരമായി തീർപ്പാക്കാൻ ടി.എൽ.ബി ചെയർമാൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ കക്ഷിയായിട്ടുള്ള ഭൂമി സംബന്ധിയായ 930 കേസുകൾ ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും ഉണ്ട്. |
| (ഡി) | കൈവശഭൂമിക്ക് പട്ടയം നൽകുന്ന കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ഡി) | കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 അനുസരിച്ച് ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യുന്നതിന് അർഹരായ ആളുകളിൽ നിന്നും അപേക്ഷ സ്വീകരിച്ച് നിയമാനുസൃതം അർഹരായവർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപ്രകാരം മിച്ചഭൂമി വിതരണം നടത്തുമ്പോൾ കേരള ഭൂപരിഷ്കരണ ചട്ടം 30 അനുസരിച്ചുള്ള മുൻഗണനാ ക്രമം പാലിച്ചു മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. കൂടാതെ സെക്ഷൻ 72,80 എന്നിവ അനുസരിച്ച് കുടികിടപ്പ്, കുടിയായ്മ എന്നിവയിന്മേലുള്ള അപേക്ഷ ബന്ധപ്പെട്ട ലാൻഡ് ട്രൈബ്യൂണൽ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | ഭൂമിക്ക് പട്ടയം ലഭിക്കാൻ അർഹതയുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ? | (ഇ) | അർഹരായവർക്ക് ഇപ്പോൾ ലഭ്യമായ മുഴുവൻ ഭൂമിയും ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.219** — **2.7.2008 -ൽ മറുപടിക്ക്**

### ആശ്രയ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| (എ) | നിരാലംബരും പരമ ദരിദ്രരുമായ കുടുംബ ങ്ങൾക്ക് സുമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച ആശ്രയ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ആശ്രയ പദ്ധതിയിൽ അംഗങ്ങളാകുന്ന കുടുംബങ്ങളുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് ആണ് നടപ്പാക്കുന്നത്. അതിജീവനാവശ്യങ്ങളായ ഭക്ഷണം, ആരോഗ്യ സുരക്ഷ, പെൻഷൻ, വിദ്യാഭ്യാസം മുതലായവയും അടിസ്ഥാന സൗകര്യ ആവശ്യങ്ങളായ കിടപ്പാടം (ഭൂമി), പാർപ്പിടം, സാനിറ്ററി കക്കൂസ്, കുടിവെള്ളം തുടങ്ങിയവയും വികസനാവശ്യ ങ്ങളായ വൈദഗ്ധ്യ പരിശീലനം, തൊഴിലെടുക്കുന്നതിനുള്ള സാഹചര്യം, വരുമാന വർദ്ധനവിന് സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവയും മാനസികാവശ്യങ്ങളായ സമൂഹത്തിൽ നിന്നുമുള്ള ഒറ്റപ്പെടൽ ഒഴിവാക്കുന്നതിനും സ്വാശ്രയം ഉറപ്പുവരുത്തുന്നതി നുമാവശ്യമായ കൗൺസിലിംഗ് എന്നിവ ഉൾപ്പെടുന്നു. ഓരോ കുടുംബവും നേരിടുന്ന പ്രശ്നങ്ങളെ അപഗ്രഥിച്ചു കൊണ്ടാണ് അവരുടെ ആവശ്യങ്ങൾ കണ്ടെത്തുന്ന തും പ്രോജക്ടുകൾ തയ്യാറാക്കുന്നതും. ഓരോ കുടുംബത്തിന്റേയും വ്യത്യസ്ത പ്രോജക്ടുകൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ചു കൊണ്ട് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് തല ആശ്രയ പ്രോജക്ട് ആവിഷ്കരി ക്കുന്നു. |
| (ബി) | കേരളമൊട്ടാകെ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല. ആശ്രയ പദ്ധതി എല്ലാ ഗ്രാമപ ഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി കളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | ഇപ്പോൾ എത്ര കുടുംബങ്ങൾക്കാണ് പദ്ധതി യുടെ ആനുകൂല്യം ലഭിക്കുന്നത്; സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സ്ഥാപനങ്ങളു ടെയും സഹായം പദ്ധതിക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | 55221 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സ്ഥാപനങ്ങളു ടേയും സഹായം പദ്ധതിക്ക് ലഭിക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 220 — 02.07.2008 ൽ മറുപടിയ്ക്ക്

### ത്രിതലപഞ്ചായത്തുകളുടെ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി<br>ശ്രീ.കെ.കെ.ഷാജു | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സാമ്പത്തിക വർഷത്തിന്റെ അവസാനം ത്രിതല പഞ്ചായത്തുകൾക്ക് ഫണ്ട് നല്കുന്നതുമൂലം ഫലപ്രദമായി ഫണ്ട് വിനിയോഗം നടക്കാത്തതും അഴിമതി വ്യാപിക്കുന്നതും തുകകൾ ലാപ്സാകുന്നതും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ വിഭാഗം ഫണ്ട് ഒരുമിച്ച് നൽകുന്ന സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ട്. അവ പത്ത് ഗഡുക്കളായി നൽകുന്ന സംവിധാനമാണ് പ്രാബല്യത്തിലുള്ളത്. പദ്ധതികൾ രണ്ടുഘട്ടമായി നടപ്പിലാക്കുന്നതിനാൽ ഫണ്ട് വിനിയോഗത്തിന് കൂടുതൽ സമയം ലഭിക്കുന്നു. പ്രതിമാസ മോണിറ്ററിംഗ് വഴിയും പെർഫോമൻസ് ആഡിറ്റ് ശക്തിപ്പെടുത്തുന്നതിലൂടെയും അഴിമതി വ്യാപിക്കുന്നതും തുകകൾ ലാപ്സാകുന്നതും തടയാൻ സാധിക്കുന്നു. |
| (ബി) വർഷാവർഷം പദ്ധതികൾ ഉണ്ടാക്കി അംഗീകാരം വാങ്ങി നടപ്പാക്കുന്നതിലെ ന്യൂനതകളും കാലതാമസവും പരിഹരിക്കുന്ന | (ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ പതിനൊന്നാം പദ്ധതി പഞ്ചവത്സര പദ്ധതിയായി തയ്യാറാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |

തിന് അഞ്ച് വർഷത്തേയ്ക്കുള്ള വികസന-ക്ഷേമ പദ്ധതികൾ ഒരുമിച്ച് അംഗീകരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

ഒരു പഞ്ചവത്സര പരിപ്രേക്ഷ്യത്തിന്റെ ഭാഗമായ വാർഷിക പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(സി) പഞ്ചായത്ത് തലത്തിലെ അഴിമതികൾ തടയുന്നതിനും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ക്ഷേമ പദ്ധതികൾ അർഹതപ്പെട്ട വർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

(സി) ചിട്ടയും സുതാര്യവുമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റ്, ടെക്നിക്കൽ ഓഡിറ്റ് ടീം രൂപീകരിക്കൽ, പെർഫോമൻസ് ഓഡിറ്റ് ശക്തിപ്പെടുത്തൽ തുടങ്ങിയവയിലൂടെ അഴിമതി തടയുന്നതിനും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

-----

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 221 — 02.07.2008 ൽ മറുപടിയ്ക്ക്

ഗ്രാമസഭകൾ ക്രിയാത്മകമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>പ്രൊഫ.എൻ.ജയരാജ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമസഭകളിൽ, ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർ മാത്രമേ പങ്കാളികളാകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. ആദ്യ വർഷങ്ങളേക്കാൾ ഗ്രാമസഭ പങ്കാളിത്തത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജനപങ്കാളിത്തം ഉറപ്പാക്കി ഗ്രാമസഭകൾ ക്രിയാത്മകമാക്കുവാൻ ബദൽ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) ഗ്രാമസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 14.05.07-ലെ ജി.ഒ (എം.എസ്) 128/2007/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനപങ്കാളിത്തം ഉറപ്പാക്കി ഗ്രാമസഭകൾ ക്രിയാത്മകമാക്കുവാൻ കില മുഖേന ഒരു ആക്ഷൻ റിസർച്ച് പ്രോഗ്രാം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം : 222 — 02-07-2008-ൽ മറുപടി നൽകേണ്ടത്

## മേഖലാ നിയന്ത്രണം പുന:പരിശോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കെ.കെ.ദിവാകരൻ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളുടെ വികസന പദ്ധതികൾക്ക് നിലവിലുള്ള മാസ്റ്റർ പ്ലാനുകൾ വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതു പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) അംഗീകരിച്ച നഗരാസൂത്രണ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) നഗരങ്ങളിലെ മേഖലാനിയന്ത്രണത്തിൽ ഇളവു നൽകാൻ സർക്കാരിന് അധികാരമില്ലെന്ന കോടതി വിധിമൂലം വീട് വയ്ക്കുന്നതിന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) നഗരാസൂത്രണ പദ്ധതികളിലെ മേഖലാ നിയന്ത്രണങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്തതുമൂലം, വീട് വെയ്ക്കുന്നതിന് ചില അവസരങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്കായി, അംഗീകൃത നഗരാസൂത്രണ പദ്ധതികളുടെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം മാസ്റ്റർ പ്ലാൻ, കൊച്ചി സ്ട്രക്ച്ചർ പ്ലാൻ, കോഴിക്കോട് ഡെവലപ്പ്മെന്റ് പ്ലാൻ, കൊല്ലം മാസ്റ്റർ പ്ലാൻ തൃശ്ശൂർ ഡെവലപ്മെന്റ് പ്ലാൻ, പുനലൂർ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റ് പ്രദേശത്തിനായുള്ള വിശദനഗരാസൂത്രണ പദ്ധതി എന്നിവയുടെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പുതുക്കി കരട് തയ്യാറാക്കി, ഇതിനകം തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോട്ടയം ഡെവലപ്മെന്റ് പ്ലാനിന്റെ മേഖലാനിയന്ത്രണ ചട്ടങ്ങളുടെ പുതുക്കിയ കരട് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ നഗരാസൂത്രണ പദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) മേഖലാ നിയന്ത്രണം എല്ലാ നഗരങ്ങളിലും പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.223 — 2.7.2008 -ൽ മറുപടിക്ക്

## ശുചിത്വ മിഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. എൻ.ജയരാജ്<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ്<br>മന്ത്രി |
| (എ) | മാലിന്യ നിർമ്മാർജ്ജനത്തിന് ക്ലീൻ കേരള മിഷനും സമ്പൂർണ്ണ ആരോഗ്യ ശുചിത്വ മിഷനും സംയോജിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ? | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(i) ആരോഗ്യ പരിസര ശുചിത്വ സംസ്കാരത്തിൽ മെച്ചപ്പെട്ട ധാരണ നൽകി കേരളീയ ജനതയുടെ പൊതുവായ ജീവിതനിലവാരം ഉയർത്തുക എന്നതാണ് ദീർഘകാല ലക്ഷ്യം.

(ii) സുസ്ഥിരവും സ്ഥായിയതുമായ ആരോഗ്യ പരിസര ശുചിത്വ പരിപാടികൾ നടപ്പാക്കുകയും പ്രാദേശികമായി ഉണ്ടായിവരുന്ന വിജയപ്രദമായ മാതൃകകൾക്കും പ്രവർത്തനങ്ങൾക്കും പ്രചോദനം നൽകി മറ്റ് സ്ഥലങ്ങളിൽ വ്യാപിപ്പിക്കുക.

(iii) ശുചിത്വ-ആരോഗ്യ-പരിസ്ഥിതി മേഖലയുമായി ബന്ധപ്പെട്ട വിവിധ വശങ്ങളിൽ അവബോധം നൽകി ജനങ്ങളിൽ സുരക്ഷിതത്വബോധം ജനിപ്പിക്കുകയും പൊതു സൗകര്യങ്ങളുടെ ശരിയായ ഉപയോഗത്തിൽ അവർക്ക് ധാരണ നൽകുകയും ചെയ്യുക.

(iv) ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി ജനങ്ങളെ സാമൂഹിക പരിസര ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പ്രേരിപ്പിക്കുക.

(v) മനുഷ്യ വിസർജ്ജ്യവും,ഖര/ദ്രവ മാലിന്യവും ശരിയായ രീതിയിൽ പരിപാലനം ചെയ്യുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ നേടിയെടുക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുക.

(vi) പങ്കാളിത്ത പരിസര ശുചിത്വ പരിപാടികൾക്കായി സാമ്പത്തിക ക്ഷമതയുള്ളതും പ്രാദേശിക യോജ്യവുമായ സാങ്കേതിക വിദ്യകൾ ആവിഷ്കരിച്ച് പ്രയോഗത്തിൽ വരുത്തുന്നതിന് സഹായിക്കുക.

(vii) പരിസര ശുചിത്വ ആരോഗ്യ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക.

(viii) ജല,ശുചിത്വ,ആരോഗ്യ,മേഖലയിലെ ലിംഗ പരിഗണന അർഹിക്കുന്ന വിഷയങ്ങളിൽ ശ്രദ്ധ നൽകുക.

---

(ix) ശുചിത്വ ശീലങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശുചീകരണ സൗകര്യങ്ങളേർപ്പെടുത്തുന്നതിനും സ്വകാര്യ നിക്ഷേപത്തിനുള്ള സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും ശുചീകരണ/ആരോഗ്യ പ്രവർത്തനങ്ങൾ ''ജനകീയ പ്രസ്ഥാന'' മാക്കി മാറ്റുന്നതിനും ശ്രമിക്കുക.

(x) പ്രാദേശിക തലത്തിൽ ശുചിത്വ പദ്ധതികളുടെ നടത്തിപ്പും,ഈ പദ്ധതികൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്ന പ്രയോജനത്തെക്കുറിച്ചും അവലോകനം ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനും സംവിധാനം രൂപപ്പെടുത്തുക.

[signature]

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 224 — 2/07/2008.ൽ മറുപടിക്ക്

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീ.പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നു; | (എ) 2008 ഒക്ടോബർ 2 മുതൽ നടപ്പാക്കാനുദ്ദേശിക്കുന്നു. |
| (ബി) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ഈ പദ്ധതിയിൽ സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തുന്ന തരത്തിലാണോ വിഭാവനം ചെയ്തിരിക്കുന്നത്; | (ബി) പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡ പ്രകാരമുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെയാണ് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന രാഷ്ട്രീയ സ്വസ്ഥ്യ ബീമ യോജന പദ്ധതിയിൽ ഉൾപ്പെടുന്നത്. അതിൽപ്പെടാത്ത സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ സംസ്ഥാന സർക്കാരിന്റെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഈ പദ്ധതിയിൽ അംഗങ്ങളാകുന്നതിന് ഓരോ കുടുംബവും അടയ്ക്കേണ്ട പ്രീമിയം എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ;<br><br>(ഡി) ഇതിനായി സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എത്ര തുക അടയ്ക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത് ; | (സി) & (ഡി) കേന്ദ്ര പദ്ധതിയിൽ അംഗമാകുന്നതിന് ഓരോ കുടുംബവും പ്രതിവർഷം 30 രൂപ രജിസ്ട്രേഷൻ ഫീസ് നൽകിയാൽ മതിയാകും. ബാക്കി പ്രീമിയം തുക കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് വഹിക്കുന്നത്. സംസ്ഥാന പദ്ധതിയിൽ അംഗമാകുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ 100 രൂപ രജിസ്ട്രേഷൻ ഫീസായി നൽകണം. ബാക്കി പ്രീമിയം തുക സംസ്ഥാന സർക്കാർ വഹിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുകയൊന്നും അടയ്ക്കേണ്ടതില്ല. |
| (ഇ) മുൻ യു.ഡി.എഫ്. സർക്കാർ നടപ്പാക്കാൻ ലക്ഷ്യമിട്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെക്കാൾ എന്തൊക്കെ നേട്ടങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) മുൻപ് ആവിഷ്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വൈകല്യങ്ങൾ പരിഹരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ കൊണ്ടുവന്ന പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന. അത് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് അതേപടി നടപ്പാക്കുകയാണ് ചെയ്യുന്നത്. ഇതിനുപു |

റമേ സംസ്ഥാന സർക്കാർ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൂടി നടപ്പാക്കുന്നു. ഗുണഭോക്താവിന് പ്രശ്ന രഹിതമായ ചികിത്സ മുൻകൂർ നിശ്ചയിച്ച നിരക്കിൽ ലഭ്യമാക്കുമെന്നതാണ് ഇപ്പോഴത്തെ പദ്ധതിയുടെ സവിശേഷത. ചികിത്സാ നിരക്കുകൾസംബന്ധിച്ചും ക്ലെയിം സെറ്റിൽമെന്റ് സംബന്ധിച്ചും കേന്ദ്ര/ സംസ്ഥാന വിഹിതം സംബന്ധിച്ചും കൂടുതൽ വ്യക്തതയുള്ള പദ്ധതിയാണ് ഇപ്പോൾ സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്. സർക്കാർ മേഖലയിലെ ആരോഗ്യ രക്ഷാസ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് തിരിച്ചടവ് ഉപയോഗിക്കാനും ഇപ്പോഴത്തെ പദ്ധതി വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം 225.

02.07.2008 ലെ
മറുപടിക്ക്

സ്റ്റേഷനറിവകുപ്പിൻെറപ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം പ്രകാശൻ മാസ്റ്റർ<br>ശ്രീ. വി ചെന്താമരാക്ഷൻ<br>ശ്രീ എം ഹംസ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. മാത്യു ടി. തോമസ്<br>(ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സ്റ്റേഷനറി വകുപ്പിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) സ്റ്റേഷനറി വകുപ്പിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധ നടപടികൾ സമീപകാലത്ത് സ്വീകരിച്ചിട്ടുണ്ട്. സാധനങ്ങളുടെ വാങ്ങൽ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ദേശീയ E-Government Programme-ൻെറ ഭാഗമായ E-Government Procurement സംവിധാനം നടപ്പിലാക്കാൻ ഐ.ടി മിഷനുമായി ധാരണയായിട്ടുണ്ട്. അതിൻെറ തുടർ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. സംഭരിക്കുന്ന കടലാസിനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള Paper testing Laboratory കേരളത്തിൽ നിലവിലുള്ളത് സ്റ്റേഷനറി വകുപ്പിൽ മാത്രമാണ്. അതിൻെറ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വകുപ്പ് ശ്രദ്ധ വയ്ക്കുന്നുണ്ട്. അക്കൗണ്ട്സ്, എസ്റ്റാബ്ലിഷ്മെൻറ് വിഭാഗങ്ങൾ കാര്യക്ഷമമാക്കുന്നതിന് SPARK സംവിധാനം വകുപ്പിൽ പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞി ട്ടുണ്ട്. സർക്കാർ നയത്തിനനുസൃതമായി സ്വതന്ത്ര സോഫ്റ്റ്വെയറായ LINUX - ലേക്ക് വകുപ്പിൻെറ IT സംവിധാനത്തെ ഏകോപിപ്പിക്കുകയും, അതിനുവേണ്ടി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് - ഇൻ-ഗവൺമെൻറുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. അതിൻെറയടിസ്ഥാനത്തിൽ തിരുവനന്തപുരം, ഐ എം.ജി യിൽ 3 ബാച്ചിൻെറ പരിശീലനം പൂർത്തിയായിട്ടുണ്ട് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിലായി മൂന്ന് ബാച്ചിൻെറ പരിശീലന പരിപാടികൾക്ക് നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂളുകൾകൂടി പൂർത്തിയാക്കുന്നതോടെ LINUX പരിശീലനം മുഴുവൻ ജീവനക്കാർക്കും ലഭ്യമാകും. |

| | |
|---|---|
| | മൂന്ന് ജില്ലാ ആഫീസുകൾ/സ്റ്റോറുകൾ ഒഴികെയുള്ള എല്ലാ ആഫീസുകളും/സ്റ്റോറുകളും സർക്കാർ വക കെട്ടിടങ്ങളിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ആസ്ഥാന കാര്യാലയത്തിനു പുറമേ ഈ സ്ഥലങ്ങളിലും സ്റ്റേഷനറി സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതും, അല്ലാത്തതുമായ സർക്കാർ ആവശ്യങ്ങൾക്കായി യഥാസമയം കടലാസിനങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേഷനറി സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ സംഭരിക്കാനും സമയബന്ധിതമായി വിതരണം നടത്താനും, ഉപഭോഗം കൃത്യമായി പരിശോധിക്കാനും ഉള്ള സംവിധാനം വകുപ്പിനുണ്ട്. വകുപ്പിന്റെ വിവിധ ആഫീസുകളും സ്റ്റോറുകളും കൃത്യമായി പരിശോധിച്ച് കാര്യക്ഷമത ഉറപ്പാക്കുന്നതിന് വകുപ്പിൽ പ്രത്യേകമായി രൂപീകരിച്ചിട്ടുള്ള ആഭ്യന്തര പരിശോധനാവിഭാഗം (IAW) കൃത്യതയോടെ പ്രവർത്തിക്കുന്നുണ്ട്. |
| ബി)സ്റ്റേഷനറി സാധനങ്ങളുടെ ഉപയോഗത്തിൽ മിതത്വം പാലിക്കുന്നതിനായി വിവിധ വകുപ്പുകളുടെ സ്റ്റേഷനറി സാധനങ്ങളുടെ ആവശ്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) സ്റ്റേഷനറി ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ എല്ലാ സർക്കാർ ആഫീസുകളും പരിശോധിച്ച് ഇക്കാര്യം വിലയിരുത്തുന്നുണ്ട്. സ്റ്റേഷനറി സാധനങ്ങൾ ശരിയായ രീതിയിലല്ല വിനിയോഗിക്കുന്നതെങ്കിൽ അവ പരിശോധനാകുറിപ്പിൽ രേഖപ്പെടുത്തുകയും അതനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| സി) ഓരോ വകുപ്പിന്റെയും സ്റ്റേഷനറി ആവശ്യം കണക്കാക്കുന്നത് എങ്ങനെയാണ്; | സി) ഓരോ വകുപ്പിലും അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണവും, തസ്തികയും, ജോലിയുടെ സ്വഭാവവും കണക്കിലെടുത്ത് നിശ്ചിത അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റേഷനറിയുടെ വിനിയോഗം കണക്കാക്കുന്നത്. |
| ഡി) സ്റ്റേഷനറി വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ? | ഡി) സ്റ്റേഷനറി വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായിവരുന്നു. SPARK നടപ്പിലാക്കി കഴിഞ്ഞു. ദേശീയ e-Government Programme-ന്റെ ഭാഗമായുള്ള e-Government Procurement നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുകയും തുടർ പ്രവർത്തനങ്ങൾ കേരളാ ഐ.ടി. മിഷൻ സ്വീകരിച്ചുവരികയും ചെയ്യുന്നു. വകുപ്പിന്റെ ഐ.ടി സംവിധാനം സ്വതന്ത്ര സോഫ്റ്റ്‌വെയറായ LINUX -ലേക്ക് പരിണമിപ്പിക്കുകയും അതിനായി എല്ലാ ജീവനക്കാർക്കും IMG -യുമായി കരാറിലേർപ്പെട്ട് പരിശീലനം നൽകിവരികയും ചെയ്യുന്നു. |

(signature)

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ
9-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 226      2.7.2008-ലെ മറുപടിക്ക്

# ഡിപ്പോകൾ പണയപ്പെടുത്തി വായ്പ

**ചോദ്യം**      **ഉത്തരം**

**ശ്രീ. ജി.കാർത്തികേയൻ**
**ശ്രീ. ജോർജ് മേഴ്സിയർ**
**ശ്രീ. കെ.സി.വേണുഗോപാൽ**

**ശ്രീ. മാത്യു .ടി. തോമസ്**
**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർടിസി യുടെ ചില ഡിപ്പോകൾ പണയപ്പെടുത്തി വായ്പയെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഡിപ്പോകളാണെന്ന് വെളിപ്പെടുത്തുമോ; | | **(എയും ബിയും സിയും)**<br><br>ഡിപ്പോകൾ പണയപ്പെടുത്തി വായ്പ എടുക്കുന്നതു സംബന്ധിച്ച നിർദ്ദേശമൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പുതിയ ബസ്സുകൾ വാങ്ങുന്നതിനും മറ്റുമായി പുതിയ വായ്പകൾക്ക് വേണ്ടി കെ.എസ്.ആർടി.സി ശ്രമിച്ചു വരുന്നു. |
| (ബി) | ആകെ എത്ര തുക വായ്പയെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | | |
| (സി) | ഈ വായ്പ എടുക്കുന്നത് എന്തെല്ലാം വ്യവസ്ഥയിന്മേലാണ് | | |
| (ഡി) | ഇതിനു മുമ്പ് ഡിപ്പോകൾ പണയപ്പെടുത്തി കെ.എസ്.ആർ.ടി.സി വായ്പയെടുത്തിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ ) | ഇപ്പോൾ ഇപ്രകാരം ചെയ്യുന്നതിനുള്ള സാഹചര്യമെന്തെന്ന് പറയാമോ; | (ഇ) | പഴയ കാലഘട്ടങ്ങളിൽ അതാതു സമയം കൊടുക്കേണ്ടിയിരുന്ന അപകട നഷ്ടപരിഹാര ബാദ്ധ്യതകൾ, പെൻഷൻ ആനുകൂല്യങ്ങൾ, ഡീസൽ അടിക്കാൻ ഉപയോഗിച്ച ജീവനക്കാരുടെ പി.എഫ്. പെൻഷനു വേണ്ടി പ്രത്യേക ഫണ്ട് രൂപീകരിക്കാതിരുന്നതു കൊണ്ട് അത് നൽകുന്നതിനു വേണ്ടി എടുക്കേണ്ടിവന്ന ലോൺ കുടിശ്ശിക, ബസ്സുകൾ |

വാങ്ങുന്നതിനു വേണ്ടി ലോൺ എടുത്തവകയിലുള്ള കുടിശ്ശിക, ഡീസൽ അടിച്ചതിനായി വന്ന കുടിശ്ശിക എന്നിവ കൊടുക്കാതിരുന്നതു മൂലം അവയെല്ലാം ഇപ്പോൾ കൊടുക്കേണ്ടി വന്നിരിക്കുകയാണ്. അവ അടച്ചു തീർക്കുന്നതിനു വേണ്ടി പ്രതിമാസം വരുമാനത്തിൽ വളരെ കവിഞ്ഞ ചെലവ് കോർപ്പറേഷന് വരുന്നുണ്ട്. ഇത്തരം ബാദ്ധ്യതകൾ സമഗ്രമായി ഇല്ലാതാക്കുന്നതിനും ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം അടക്കമുള്ള ആനുകൂല്യം നൽകുന്നതിനും ജനങ്ങൾക്ക് നല്ല യാത്രാസൗകര്യം നൽകുന്നതിനുള്ള വികസനത്തിന്റെ പാതയിലാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. പോകുന്നത്. ഈ വികസനത്തിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിന് ആവശ്യമായ നടപടികളാണ് എടുക്കുന്നത്. കെ.എസ്.ആർ.ടി.സി. വികസനത്തിന്റെ പാതയിലാണ്. ആയതിലേക്ക് പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനുവേണ്ടി ലോൺ എടുക്കുകയും, ദീർഘകാലമായി നിലനിൽക്കുന്ന ഡീസൽ കുടിശ്ശിക അടയ്ക്കുന്നതിനും. മറ്റ് അടിയന്തിര ചെലവുകൾ തുടങ്ങിയവയ്ക്കും ആവശ്യമായ തുക കളക്ഷനിൽ നിന്നും ലഭിക്കാതെ വരുമ്പോൾ ടി വിടവ് നികത്തുന്നതിലേക്കായിട്ടും

| | | | |
|---|---|---|---|
| | | | ലോൺ എടുക്കേണ്ടി വരുന്നുണ്ട്. |
| (എഫ്) | കെ.എസ്.ആർ.ടി.സിയുടെ ഡിപ്പോകൾ ആർക്കെല്ലാമാണ് പണയപ്പെടുത്തുന്നതെന്നും എന്തെല്ലാം വ്യവസ്ഥ പ്രകാരമാണ് അവയെ പണയപ്പെടുത്തുന്നതെന്നും വ്യക്തമാക്കാമോ? | (എഫ്) | കെ.ടി.ഡി.എഫ്.സി -യിലും ഹഡ്കോയിലുമാണ് ഡിപ്പോകൾ പണയപ്പെടുത്തി ലോൺ എടുത്തിട്ടുള്ളത്. എന്നാൽ ഇനിയുള്ള ലോണുകൾ എവിടെ നിന്നും എടുക്കണമെന്നതിനെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. അതിനാൽ തന്നെ അവയുടെ വ്യവസ്ഥകൾ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.227 — 2.7.2008 -ൽ മറുപടിക്ക്

## അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീമതി. കെ.കെ.ലതിക
ശ്രീ.ജെ.അരുന്ധതി
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീ.രാജു എബ്രഹാം

(എ) ഗ്രാമപ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

**ഉത്തരം**

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
തദ്ദേശ സ്വയംഭരണവും
ഗ്രാമവികസനവും വകുപ്പ് മന്ത്രി

(എ) **1) കുടുംബശ്രീ സംഘടനാ ശാക്തീകരണ പരിപാടി**

ഗ്രാമപ്രദേശങ്ങളിലെ മുഴുവൻ കുടുംബശ്രീ സംവിധാനങ്ങളുടെയും സംഘടനാ ശാക്തീകരണത്തിനായി പ്രത്യേക കർമ്മ പരിപാടിക്ക് കുടുംബശ്രീ മിഷൻ രൂപം നൽകിയിട്ടുണ്ട് ഇതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തിലെയും കുടുംബശ്രീ സംവിധാനത്തിന്റെ ശക്തി ദൗർബല്യങ്ങളുടെ സൂക്ഷ്മതല വിലയിരുത്തൽ നടത്തി ഗ്രേഡിംഗിന് വിധേയമാക്കുകയും, പ്രശ്ന പരിഹാരത്തിന് വിശദമായ പ്രവർത്തന രൂപരേഖ ആവിഷ്കരിക്കുകയും ചെയ്തു. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ നടന്നു വരുന്നു. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ കെട്ടുറപ്പും , ചലനാത്മകതയും വർദ്ധിപ്പിക്കുന്നതിന് സംഘടനാശാക്തീകരണ പരിപാടി ഉപകരിക്കും.

**2) കണക്കുചിട്ടപ്പെടുത്തൽ ക്യാമ്പയിൻ**

നഗര ഗ്രാമ പ്രദേശങ്ങളിലെ മുഴുവൻ കുടുംബശ്രീ സംവിധാനത്തിന്റെയും കണക്കുകൾ ക്രമവൽക്കരിക്കുന്നതിനും, കണക്കെഴുത്ത് രീതി മെച്ചപ്പെടുത്തുന്നതിനുമാണ് കണക്കുചിട്ടപ്പെടുത്തൽ ക്യാമ്പയിൻ

സംഘടിപ്പിച്ചത്. മുഴുവൻ കുടുംബശ്രീ സംവിധാനത്തിന്റെയും കണക്കുകൾ ചിട്ടപ്പെടുത്തുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും, സാമ്പത്തിക അച്ചടക്കം ഏർപ്പെടുത്തുന്നതിനും കണക്കുചിട്ട പ്പെടുത്തൽ പ്രവർത്തനങ്ങൾ ഉപകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിന്റെ വാർഷിക ആഡിറ്റിംഗ് പ്രവർത്തനങ്ങൾ കൂടുതൽ വ്യവസ്ഥാപിതമാക്കുകയും കുടുംബശ്രീ ആഡിറ്റിംഗ് ആന്റ് അക്കൗണ്ടിംഗ് സൊസൈറ്റിയുടെ വിപുലീകരണ പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തുകയുണ്ടായി.

(ബി) അയൽക്കൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്;

(ബി) മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്.

ഓരോ സാമ്പത്തിക വർഷവും മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നതിന് അയൽക്കൂട്ടങ്ങളിൽ നിന്നും സി.ഡി.എസ് മുഖേന അപേക്ഷ ക്ഷണിക്കുകയും മുൻവർഷത്തെ മിതവ്യയ സമ്പാദ്യം (31/03 വരെയുള്ളത്) അടിസ്ഥാനമാക്കി മിതവ്യയ സമ്പാദ്യത്തിന്റെ 10% പരമാവധി 5000 രൂപ എന്ന നിരക്കിലാണ് നൽകുന്നത്. ലിങ്കേജ് ബാങ്കിംഗ് പദ്ധതിയിൽ ഉൾപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് വായ്പനേടി കഴിഞ്ഞിട്ടേ മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

ഗ്രാമവികസന വകുപ്പിൽ നിന്നും എസ്.ജി.എസ്.വൈ പദ്ധതിയിലൂടെ റിവോൾവിംഗ് ഫണ്ട്, ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിൽ നിന്നും റിവോൾവിംഗ് ഫണ്ട് എന്നിവ ലഭിച്ച അയൽക്കൂട്ടങ്ങളെ മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) അയൽക്കൂട്ടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ബാങ്ക് വായ്പ ലഭിക്കുന്നതിനായി പ്രത്യേക സഹായങ്ങൾ ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) കുടുംബശ്രീ സംരംഭങ്ങൾക്ക് കുറഞ്ഞനിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ചില ബാങ്കുകൾ താരതമ്യേന ഉയർന്ന പലിശ നിരക്ക് ഈടാക്കുന്ന കാര്യം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റിയുടെയും ഡി.എൽ.ആർ.സി.യുടേയും മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും ജില്ലാ തലത്തിലും ലഘുസമ്പാദ്യ പ്രശ്നങ്ങളും സാധ്യതകളും ചർച്ച ചെയ്യുന്നതിനുള്ള സെമിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. ഇക്കാര്യത്തിൽ ബാങ്കുകൾക്ക് നിർദേശം നൽകുന്നതിന് നബാർഡിന്റെ ഇടപെടലും കുടുംബശ്രീ തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.228 2-7-2008-ൽ മറുപടിക്ക്

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

ചോദ്യം ഉത്തരം

ശ്രീ.പി.ജയരാജൻ
ശ്രീ.എം.ചന്ദ്രൻ
ശ്രീ.എം.ജെ.ജേക്കബ്
ശ്രീ.ജോർജ് എം.തോമസ്
ശ്രീ.കെ.സി.രാജഗോപാലൻ

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി)

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(എ) ഗ്രാമപ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ), ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ), സമ്പൂർണ്ണ ശുചിത്വ യജ്ഞം(ടി.എസ്.സി), ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.എസ്), ഹരിയാലി, പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ നഗരപ്രദേശങ്ങളുടെ വികസനത്തിനായി ജവഹർലാൽ നെഹ്റു ദേശീയ നവീകരണ ദൗത്യം (ജെ.എൻ.എൻ.യു.ആർ.എം.), ചെറുതും ഇടത്തരവും പട്ടണങ്ങളുടെ പശ്ചാത്തല വികസന

പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി.), ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്പ്മെന്റ് പ്രോഗ്രാം (ഐ.എച്ച്.എസ്.ഡി.പി.), ബേസിക് സർവ്വീസസ് ഫോർ ദി അർബൻ പുവർ (ബി.എസ്.യു.പി.), സുവർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഈ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ജെ.എൻ.എൻ.യു.ആർ.എം പദ്ധതി നടത്തിപ്പിനായി സംസ്ഥാന തലത്തിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയാറാക്കുന്നതിനും പദ്ധതി നിർവഹണപുരോഗതി അവലോകനം ചെയ്യുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജവഹർലാൽ നെഹ്റു ദേശീയ നവീകരണ ദൗത്യം (ജെ.എൻ.എൻ.യു.ആർ.എം), ബേസിക് സർവ്വീസസ് ഫോർ ദി അർബൻ പുവർ (ബി.എസ്.യു.പി), ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആൻറ് സ്ലം ഡെവലപ്പ്മെൻറ് പ്രോഗ്രാം (ഐ.എച്ച്.എസ്.ഡി.പി) എന്നിവയ്ക്ക് പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റ്

(പി.എം.യു)കൾ നടപ്പാക്കി വരുന്നു. ചെറുതും ഇടത്തരവും പട്ടണങ്ങളുടെ പശ്ചാത്തലവികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി) വിജയപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ, കേരള വാട്ടർ അതോറിറ്റി നഗരസഭകൾ എന്നിവയുമായി ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.എസ്) നടപ്പിലാക്കുന്നതിനു വേണ്ടി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായി പരിശീലന പരിപാടികളും ഫീൽഡ് റിവ്യൂ, ഓൺലൈൻ മോണിറ്ററിംഗ് എന്നിവയും നടത്തിവരുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | പദ്ധതി നടത്തിപ്പിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | മന്ത്രിതലത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ വികേന്ദ്രീകൃത ജില്ലാസൂത്രണ സമിതിയിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ അംഗങ്ങളായുണ്ട്. പദ്ധതി നടത്തിപ്പിൽ കുടുംബശ്രീ അയൽകൂട്ടങ്ങളെ പരമാവധി പങ്കെടുപ്പിക്കുന്നു. സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ ഘടകമായ 'സ്കൂൾ സാനിട്ടേഷൻ' പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പുമായും മറ്റൊരു |

ഘടകമായ "അംഗനവാടി ടോയ്‌ലറ്റ്" സാമൂഹ്യക്ഷേമവകുപ്പുമായും കൂട്ടായി ആലോചിച്ചും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടും നടപ്പിലാക്കിവരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്?

(ഡി) മാസംതോറുമുള്ള മോണിറ്ററിംഗ് നടക്കുന്നുണ്ട്. ഇതുകൂടാതെ മൂന്നുമാസത്തിലൊരിക്കൽ പദ്ധതി നടത്തിപ്പ് റിവ്യൂ ചെയ്യുന്നുണ്ട്. മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും വർഷത്തിൽ രണ്ടുതവണയെങ്കിലും പുരോഗതി വിലയിരുത്തുന്നതിനായി യോഗം ചേരാറുണ്ട്. സംസ്ഥാന, ജില്ലാ, ബ്ലോക്ക് തല ഉദ്യോഗസ്ഥന്മാർ പദ്ധതി നടത്തിപ്പ് ഫീൽഡ് തലത്തിൽ പരിശോധിക്കുന്നുണ്ട്. തൊഴിൽ ഉറപ്പ് പദ്ധതി നടത്തിപ്പ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ ജില്ലാതല മോണിറ്റർമാരെയും, സംസ്ഥാനതല മോണിറ്റർമാരെയും അയച്ച് ഫീൽഡുതലത്തിൽ പരിശോധനയും പദ്ധതിപ്രവർത്തനങ്ങളുടെ നിരീക്ഷണവും നടത്തിവരുന്നു. ഗ്രാമവികസന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി ജില്ലാ/സംസ്ഥാനതല വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മിറ്റികൾ അവലോ

(5) കനം ചെയ്യുന്ന പുരോഗതി റിപ്പോർട്ടുകൾ ഏതൊരാൾക്കും നിരീക്ഷിക്കാവുന്നവിധം ഗ്രാമവികസന മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ഓൺലൈനായും നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 229 — 02.7.2008ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയുടെ സർവ്വീസിതര വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ബാബു പ്രസാദ്<br>പ്രൊഫ. കെ. വി. തോമസ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും<br>വകുപ്പ് മന്ത്രി. |
| (എ) കെ.എസ്.ആർ.ടി.സിയുടെ സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി, ബസ് സ്റേറഷനുകളിലും അതിൻെറ പരിധിയിൽ വരുന്ന സ്ഥലങ്ങളിലും പരമാവധി സ്ഥലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ കച്ചവടം നടത്തുന്നതിനായി ലേലം/ടെണ്ടർ മുഖേന നൽകിയിട്ടുണ്ട്.<br>ബസ്സുകളിലും, ബസ് സ്റ്റേഷനുകളിലും പരസ്യം ചെയ്യുന്നതിനുള്ള അവകാശം ലേലം/ടെണ്ടർ ചെയ്തു നൽകുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതിൽ ബസുകളിൽ പരസ്യം ചെയ്യുന്നതിനുള്ള അവകാശം ടെണ്ടർ ചെയ്തു നൽകുകയും, ബസ് സ്റ്റേഷനിലെ പരസ്യത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുകയും ചെയ്യുന്നു.<br>കൂടാതെ ബസ്സിനുള്ളിൽ ഇലക്ട്രോണിക് മീഡിയ വഴി പരസ്യം ചെയ്യുന്നതിനുള്ള അവകാശം ടെണ്ടർ ചെയ്തു നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ മുഖ്യ സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. |

| | |
|---|---|
| (ബി) കെ.ടി.ഡി.എഫ്.സി.യുടെ സഹകരണത്തോടെ ബി.ഒ.ടി. വ്യവസ്ഥയിൽ ഷോപ്പിംഗ് കോംപ്ളക്സുകൾ പണിയുന്നതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് പ്രതിവർഷം എത്ര കോടി രൂപയുടെ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) കെ.ടി.ഡി.എഫ്.സി.യ്ക്ക് ആകെ കിട്ടുന്ന വരുമാനത്തിൽ നടത്തിപ്പു ചെലവ് കുറച്ചുള്ള തുകയുടെ 50% (അൻപത്) പ്രതിവർഷം നാല് (4) ഗഡുക്കളായി കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകണം എന്നാണ് വ്യവസ്ഥ. ബി.ഒ.ടി. അടിസ്ഥാനത്തിലുള്ള ആറ്(6) എണ്ണം ഉൾപ്പെടെ മുപ്പത് (30) ഷോപ്പിംഗ് കോംപക്സുകൾ പൂർത്തിയാകുംപോൾ കെ.എസ്.ആർ.ടി.സി.യ്ക്ക് എൺപത് (80) കോടി രൂപ മുതൽ നൂറ് (100) കോടി രൂപ വരെ പ്രതിവർഷ വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഇതിന്റെ പൈലറ്റ് പ്രോജക്ടായി അങ്കമാലിയിൽ തുടങ്ങാനുദ്ദേശിക്കുന്ന കോംപ്ളക്സിന് എത്ര കോടി രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു ; | (സി) നിലവിലുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശം മുപ്പത് (30) കോടി രൂപ ചെലവ് വരും. |
| (ഡി) ഇതിന്റെ പണി എന്നു തുടങ്ങാനാവുമെന്നും എന്നു കമ്മീഷൻ ചെയ്യാനാവുമെന്നും വ്യക്തമാക്കുമോ ; | (ഡി) പണി 12.5.2008 ൽ തറക്കല്ലിട്ട് ഔദ്യോഗികമായി ആരംഭിച്ചുകഴിഞ്ഞു. 24 മാസം കൊണ്ട് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) ഈ വർഷം മറ്റ് ഏതൊക്കെ സ്ഥലങ്ങളിൽ ഇതരത്തിൽ ഷോപ്പിംഗ് കോംപ്ളക്സുകളുടെ പണി ആരംഭിക്കുമെന്ന് വിശദമാക്കുമോ ? | (ഇ) കെ.എസ്.ആർ.ടി.സി.യ്ക്കു വേണ്ടി ബി.ഒ.ടി. വ്യവസ്ഥയിൽ അങ്കമാലിക്കുപുറമേ തിരുവനന്തപുരം സെൻട്രൽ, സ്റ്റാഫ് ട്രെയിനിംഗ് സെൻട്രൽ (ഫോർട്ട്), പേരൂർക്കട, കോഴിക്കോട്, മലപ്പുറം എന്നീ അഞ്ചു (5) സ്ഥലങ്ങളിൽകൂടി ഷോപ്പിംഗ് കോംപ്ളക്സുകൾ ആരംഭിക്കുവാൻ കെ.ടി.ഡി.എഫ്.സി.ക്കു അനുമതി നൽകിയിട്ടുണ്ട്. പണി ആരംഭിക്കേണ്ടത് കെ.ടി.ഡി.എഫ്.സി.യാണ്. മറ്റ് ഇരുപത്തിനാല് (24) സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ളക്സുകൾ പണിയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ കാസർകോഡ്, കാട്ടാക്കട, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ പലിശ രഹിത വായ്പാനിക്ഷേപം സ്വീകരിച്ച് ഷോപ്പിംഗ് കോംപ്ളസുകൾ പണിയാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.230 2.7.2008-ൽ മറുപടിക്ക്

## പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിരോധിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.ശിവകുമാർ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്. | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് കിറ്റിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) 30 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് കാരിബാഗുകളുടെ നിരോധനം 2007 സെപ്റ്റംബർ 1 മുതൽ കർശനമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് 2007 സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ വിപുലമായ ബോധവത്ക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, നിരോധിച്ച് പ്ലാസ്റ്റിക് ഉൽപന്നങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതിനുള്ള സെമിനാറുകൾ, എക്സിബിഷനുകൾ, ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ വഴി ബൃഹത്തായ പ്രചരണ പ്രവർത്തനം എന്നിവ നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി പ്ലാസ്റ്റിക് ക്യാരിബാഗിന്റെ ഉപയോഗം ഫലപ്രദമായി നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞു. ഈ നിരോധനം കാര്യക്ഷമമാകണമെങ്കിൽ |

50 മൈക്രോൺ വരെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. അതനുസരിച്ച് 2008 മാർച്ച് 29-ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2008 മെയ് 5 വരെയുള്ള കണക്കനുസരിച്ച് 58 നഗരസഭകളിലായി 2007 സെപ്റ്റംബർ മുതൽ 81940 കട പരിശോധന നടത്തുകയും നാളിതുവരെ 24 ടൺ പ്ലാസ്റ്റിക് പിടിച്ചെടുക്കുകയും 6.2 ലക്ഷം രൂപ പിഴയായി ഈടാക്കുകയുമുണ്ടായി. ഗ്രാമപഞ്ചായത്തുകളിൽ ഇതുവരെ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിൽക്കുന്ന 32077 കടകൾ പരിശോധിക്കുകയും 2567.09 കിലോ ഗ്രാം പ്ലാസ്റ്റിക് പിടിച്ചെടുക്കുകയും 68180/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) പ്ലാസ്റ്റിക് കിറ്റുകൾ പോലെ തന്നെ വൻ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് പരസ്യമാധ്യമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) വ്യാവസായിക പരസ്യങ്ങൾക്കും രാഷ്ട്രീയ പാർട്ടികൾ സാമുദായിക | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സംഘടനകൾ, ആരാധനാലയങ്ങൾ, ഉത്സവങ്ങൾ എന്നിവയുടെ പ്രചാരണത്തിനും വൻതോതിൽ ഫ്ലക്സ് ബാനറുകൾ ഉപയോഗിക്കുകയും അവ അവിടെ തന്നെ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ പരിപാടിക്കും, മുഖ്യമന്ത്രി മുതൽ പഞ്ചായത്തുമെമ്പർ വരെയുള്ള ജനപ്രതിനിധികൾ ദൈനംദിനം പങ്കെടുക്കുന്ന പരിപാടികൾക്കും ഫ്ലക്സ് ബാനറുകളുടെ ഉപയോഗം നിരോധിക്കാൻ നടപടി എടുക്കുമോ;

(ഡി) സർക്കാർ പരിപാടികൾക്ക് ഫ്ലക്സ് ബാനറുകൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തി വരുന്നുണ്ട്. അലങ്കാരത്തിനും ബാനർപോലെയുള്ള പ്രദർശന വസ്തുക്കൾക്കും പ്ലാസ്റ്റിക്ക് കൂടുകളും ഷീറ്റുകളും ഉപയോഗിക്കുന്നത് 2002 സെപ്റ്റംബർ 24-ലെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പിസിബി/റ്റി.എ.സി/457/92 ഉത്തരവ് പ്രകാരം നിരോധിച്ചിട്ടുണ്ട്.

(ഇ) ഫ്ലക്സ് പരസ്യമാധ്യമങ്ങളുടെ തള്ളിക്കയറ്റം തടയാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഇ) സർക്കാർ തലത്തിലുള്ള പരസ്യങ്ങളിൽ ഫ്ലക്സ് മാധ്യമം ഉപേക്ഷിക്കുന്ന രീതിയും ഫ്ലക്സ് പരസ്യങ്ങളുടെ അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 231 — 02/7/2008 ലെ മറുപടിക്ക്

## 'രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന'യുമായി സംയോജിപ്പിച്ച് സംസ്ഥാനത്ത് ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം**

**ശ്രീ. ജോസഫ് എം. പുതുശ്ശേരി**
**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ. തോമസ് ചാഴിക്കാടൻ**

**ഉത്തരം**

**ശ്രീ.പി.കെ. ഗുരുദാസൻ**
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജനയുമായി സംയോജിപ്പിച്ച് സംസ്ഥാനത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് പദ്ധതി നടപ്പാക്കുക ;

(എ) സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല. രാഷ്ട്രീയ സ്വസ്ഥ്യ ബീമ യോജനയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും 2008 ഒക്ടോബർ 2 മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിയിൽ അംഗമാകുന്ന ഓരോ കുടുംബവും എത്ര രൂപയാണ് വാർഷിക പ്രീമിയമായി അടയ്ക്കേണ്ടത് ;

(സി) എ.പി.എൽ., ബി. പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് അടയ്ക്കേണ്ട പ്രീമിയം തുക പ്രത്യേകം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി)-(സി) കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ സ്വസ്ഥ്യ ബീമ യോജനയിൽ അംഗമാകുന്നതിന് പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡ പ്രകാരമുള്ള സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ പ്രതിവർഷം 30 രൂപ രജിസ്ട്രേഷൻ ഫീസ് നൽകണം (ബാക്കി പ്രീമിയം തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നതാണ്). സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡത്തിൽപ്പെടാത്ത സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബ

ങ്ങൾ പ്രതിവർഷം 100 രൂപ. അടയ്ക്കണം. ബാക്കി പ്രീമിയം തുക സംസ്ഥാന സർക്കാർ വഹിക്കുന്നു. സംസ്ഥാനസർക്കാരിന്റെ പദ്ധതിയിൽ ചേരുന്ന മറ്റുള്ളവർ പ്രീമിയം തുക മുഴുവനുംഅടയ്ക്കണം.

(ഡി) കുടുംബത്തിലെ എല്ലാ അംഗങ്ങളും പ്രസ്തുത സ്കീമിന്റെ പരിധിയിൽ വരുമോ ; പദ്ധതിയിൽ ചേരുന്നവർക്ക് സ്വകാര്യ ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് അനുമതിയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

(ഡി) ഒരു കുടുംബത്തിലെ പരമാവധി 5 അംഗങ്ങളാണ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതി പ്രകാരം ചികിൽസയ്ക്കായി ലിസ്റ്റ് ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികളിലും ചികിൽസ നടത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 232 — 02-07-2008-ൽ മറുപടി നൽകേണ്ടത്

### ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.കുട്ടി അഹമ്മദ്കുട്ടി<br>ശ്രീ. പി.കെ.അബ്ദുറബ്ബ് | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് പാലിക്കേണ്ട നിയമം നിർമ്മിച്ചി ട്ടുണ്ടോ; | (എ) | ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് പ്രത്യേക നിയമം നിർമ്മിച്ചിട്ടില്ല. , നിലവിലുള്ള നിയമങ്ങൾ പ്രകാരം തന്നെ ഫ്ലാറ്റുകൾ നിർമ്മിക്കാവുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ വ്യക്തമാക്കുമോ; പഞ്ചായത്ത് പ്രദേശങ്ങളിലും നഗര പരിധിയിലും പാലിച്ചിരിക്കേണ്ട അടിസ്ഥാന വ്യവസ്ഥകൾ പട്ടികതിരിച്ച് വ്യക്തമാക്കുമോ; | (ബി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കവറേജ് 65 ശതമാനവും, എഫ്.എ.ആർ 3 ഉം (അധിക ഫീസോടെ എഫ്.എ.ആർ 4 വരെ) നൽകി വരുന്നു. ഹൈറൈസ് കെട്ടിടങ്ങളാണെങ്കിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 17-ലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം. കൂടാതെ ചട്ടം 34 പ്രകാരമുള്ള പാർക്കിംഗും, അദ്ധ്യായം 4-ൽ പറയുന്ന തുറസ്സായ സ്ഥലത്തെപ്പറ്റിയുള്ളനിബന്ധനകളും, ചട്ടം 42 പ്രകാരമുള്ള ഫയർ എസ്കേപ്പ് സ്റ്റെയർകേസും, ചട്ടം 48 പ്രകാരമുള്ള ലിഫ്റ്റ് സംവിധാനവും, ചട്ടം 50-ൽ പറയുന്ന റിക്രിയേഷൻ സ്പെയിസും ചട്ടം 109 എയിൽ പ്രതിപാദിക്കുന്ന റെയിൻ വാട്ടർ ഹാർവെസ്റ്റിംഗുമാണ് ഫ്ലാറ്റുകൾക്ക് ബാധകമാകുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രധാനപ്പെട്ടവ. നഗരാസൂത്രണ പദ്ധതികളിൽ പ്രത്യേകമായി നിഷ്ക്കർഷിക്കുന്ന വ്യവസ്ഥകളും അതതു പ്രദേശങ്ങളിൽ പാലിച്ചിരിക്കേണ്ടതാണ്.<br><br>പഞ്ചായത്തുകൾക്കും, നഗര പ്രദേശ ങ്ങൾക്കും അടിസ്ഥാന വ്യവസ്ഥകൾ പ്രത്യേകം തരംതിരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ തന്നെയാണ് പ്രധാനമായും പഞ്ചായത്തുകൾക്കും ബാധകം. |
| (സി) | ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ സമീപവാസികളായ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ മാലിന്യ സംസ്ക്കരണത്തിനുള്ള വ്യവസ്ഥകൾ സർക്കാർ കർശനമാക്കുമോ? | (സി) | ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 233 – 2.07.2008 ൽ മറുപടിക്ക്

## കെ.എഫ്.സി. യുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എച്ച് കുഞ്ഞമ്പു<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എം.ഹംസ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പു മന്ത്രി |
| എ. കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഡയറക്റ്റർ ബോർഡ് സാങ്കേതിക വിദഗ്ദ്ധരെയും, സിഡ്ബി, എസ്.ബി.റ്റി, എൽ.ഐ.സി എന്നീ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരെയും ഉൾപ്പെടുത്തി പുന:ക്രമീകരിച്ചു. കെ.എഫ്.സിയെ 3 മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ചു. കസ്റ്റമർ റിലേഷൻ മാനേജർമാരുടെ സേവനം ലഭ്യമാക്കി. വ്യവസായികൾക്ക് പരിശീലന പരിപാടികൾ, പൊതുജന ബോധവൽക്കരണത്തിനായി പൊതുയോഗങ്ങൾ, കെ.എഫ്.സിയുടെ പ്രവർത്തനങ്ങൾ, വിവരങ്ങൾ എന്നിവ പൊതുജനങ്ങളിൽ എത്തിക്കാൻ ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം എന്നിവ നടത്തുകയുണ്ടായി. കടബാധ്യത കുറയ്ക്കുവാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി. |
| ബി കുടിശ്ശിക നിവാരണത്തിനായി പ്രത്യേക പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ഉണ്ട്. ഉദാരമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| സി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര കേസുകൾ തീർപ്പാക്കി; | 2007-08 സാമ്പത്തിക വർഷത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 784 വായ്പാ കണക്കുകൾ തീർപ്പാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| ഡി | വായ്പാ വിതരണത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | വായ്പാ വിതരണത്തിൽ 2007-08 സാമ്പത്തിക വർഷം പുരോഗതി ഉണ്ടായിട്ടുണ്ട്.2006-07 വർഷം 97.25 കോടി രൂപ ആയിരുന്നത് 2007-08 വർഷത്തിൽ 186.43 കോടി രൂപയായി വർദ്ധിച്ചു. |
| ഇ | ലോൺ അനുവദിക്കുന്നതിനുള്ള നടപടി . ക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ലോൺ അനുവദിക്കുന്നതിന് സുതാര്യവും ലളിതവുമായ നടപടി ക്രമങ്ങളാണ് പാലിച്ചു വരുന്നത്. 2007-08 മുതൽ 2.50 കോടി രൂപ വരെയുള്ള വായ്പകൾ ജില്ലാ തലത്തിലും 2.50 കോടി മുതൽ 5 കോടി രൂപ വരെയുള്ള വായ്പകൾ മേഖലാ തലത്തിലും അനുവദിക്കാൻ അധികാരം നൽകിയിരിക്കുന്നു. വായ്പയെടുക്കുവാൻ വരുന്ന വ്യവസായികളെ പരമാവധി സഹായിക്കുന്നതിന് എല്ലാ ബ്രാഞ്ച് ഓഫീസുകളും ഫെസിലിറ്റേഷൻ സെന്ററുകൾ ആയി പ്രവർത്തിക്കുന്നു. എല്ലാ ബ്രാഞ്ചുകളിലും കസ്റ്റമർ റിലേഷൻസ് മാനേജർമാരെ നിയമക്കുകയും കെ.എഫ്.സിയെ കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ ലഘുലേഖകൾ ബ്രാഞ്ചുകൾ മുഖാന്തിരം സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കോർപ്പറേഷനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും www.kfc.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 234 — 02/7/2008 ലെ മറുപടിക്ക്

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രീമിയവും ആനുകൂല്യങ്ങളും

**ചോദ്യം**

ശ്രീ. പള്ളിപ്രം ബാലൻ
ശ്രീ.ബാബു പോൾ
ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീ. എ. കെ. ചന്ദ്രൻ

**ഉത്തരം**

ശ്രീ.പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) എതെല്ലാം ജില്ലകളിലാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്; ഈ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇതുവരെ ഒരു ജില്ലയിലും നടപ്പാക്കിയിട്ടില്ല. 2008 ഒക്ടോബർ 2-ാം തീയതി മുതൽ ഇത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഈ ഇൻഷുറൻസ് പദ്ധതി പ്രകാരം ചികിൽസാ ചെലവിൻെറ വർദ്ധനവ് കണക്കിലെടുത്ത് ആനുകൂല്യങ്ങളുടെ തോത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ആനുകൂല്യങ്ങളുടെ തോതും, നിരക്കും കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന പദ്ധതിയുടെ നിരക്കുകളും തോതുകളുമാണ് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്. ഇൻഷ്വറൻസ് കമ്പനികളുമായി വില പേശി പരമാവധി ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്ര ഗവൺമെന്റിൻെറ പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ ബി.പി.എല്ലുകാർക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ കഴിയുമോ എന്നും ഇല്ലെങ്കിൽ എത്ര പേർക്ക് നൽകാൻ കഴിയുമെന്നും ബാക്കിയുള്ളവരുടെകാര്യത്തിൽ സംസ്ഥാന സർക്കാർ എന്തു തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ .

(സി) പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡപ്രകാരം കേരളത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 11.79 ലക്ഷം കുടുംബങ്ങൾക്കേ കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജനയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ ബാക്കിവരുന്ന സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാരിൻെറ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഈ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

(ഡി) ഈ പദ്ധതി ഇപ്രകാരം അടയ്ക്കേണ്ടി വരുന്ന പ്രീമിയം തുടങ്ങിയവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(ഡി) പ്ലാനിംഗ് കമ്മീഷന്റെ നിർവ്വചനത്തിൽപ്പെടുന്ന സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ രാഷ്ട്രീയ സ്വസ്ഥ്യ ബീമ യോജനയിൽ ചേരുന്നതിന് ഒരു കുടുംബം പ്രതിവർഷം 30 രൂപ രജിസ്ട്രേഷൻ ഫീസായി നൽകണം. പ്ലാനിംഗ് കമ്മീഷന്റെ നിർവ്വചനത്തിൽപ്പെടാത്ത സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് ഒരു കുടുംബം പ്രതിവർഷം 100 രൂപ നൽകണം. മറ്റുള്ളവർ ഇൻഷ്വറൻസ് പ്രീമിയം തുക മുഴുവനും വഹിക്കണം. ഇൻഷ്വറൻസ് പ്രീമിയം ടെണ്ടർ നടപടികളിലൂടെയാണ് നിശ്ചയിക്കേണ്ടത്. കേന്ദ്ര പദ്ധതിയിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 75% (പരമാവധി 565 രൂപ) കേന്ദ്ര സർക്കാർ വഹിക്കും. ബാക്കി പ്രീമിയംതുകയും ഭരണച്ചെലവും സംസ്ഥാന സർക്കാർ വഹിക്കണം. സംസ്ഥാന പദ്ധതിയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവരുടെ ബാക്കി പ്രീമിയം തുക സംസ്ഥാന സർക്കാർ വഹിക്കും. മേൽപ്പറഞ്ഞ രണ്ടു കേസ്സുകളിലും രജിസ്ട്രേഷൻ ഫീസ് പ്രീമിയത്തിൽ തട്ടിക്കഴിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
8-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 235 2.7.2008-ലെ മറുപടിക്ക്

കെ.എസ്.ആർടിസി യുടെ വികസനത്തിനും നവീകരണത്തിനുമായി നടപടികൾ

ചോദ്യം

പ്രൊഫ. സി. രവീന്ദ്ര നാഥ്
ശ്രീ. കെ.കെ.ദിവാകരൻ
ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
ശ്രീ. പി. വിശ്വൻ
ശ്രീ. സാജു പോൾ

ഉത്തരം

ശ്രീ. മാത്യു .ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർടിസി യുടെ വികസനത്തിനും നവീകരണത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | 1. കെ.എസ്.ആർടിസി യുടെ വികസനത്തിന്റെ ഭാഗമായി പ്രതിവർഷം 1000 ബസ്സുകൾ വീതം നിരത്തിലിറക്കുന്നതിന് തീരുമാനിക്കുകയും 6/2006 മുതൽ 26.6.2008 വരെ ഇരുപത് (20) എ.സി. ബസ്സുകൾ ഉൾപ്പടെ എണ്ണൂറ്റി മുപ്പത്തിയേഴ് (837) ബസ്സുകൾ പുതുതായി നിരത്തിലിറക്കുകയുമുണ്ടായി.<br><br>2. പുതിയ സർവ്വീസുകൾ തുടങ്ങി വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പഴക്കം ചെന്ന ബസ്സുകൾ പിൻവലിച്ച് പുതിയവ നൽകുന്നതിനും, നിലവിലുള്ള ഷെഡ്യൂളുകൾ ലാഭകരമായ രീതിയിൽ പുനഃക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3. കെ.എം.പി.എൽ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസ് കാര്യക്ഷമമാക്കി ഡ്രൈവർമാർക്ക് ഇതിനായി പ്രത്യേകം പരിശീലനം നൽകി വരുന്നുണ്ട്.<br><br>4. അമിതവേഗതമൂലമുള്ള അപകടം ഒഴിവാക്കുന്നതിനായി ബസ്സുകളിൽ സ്പീഡ് ഗവേർണ്ണർ ഘടിപ്പിക്കുകയും, ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം |

| | | | |
|---|---|---|---|
| | | | അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനും അപകടം മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>5. പുതുതായി നിരത്തിലിറക്കേണ്ട ബസ്സുകൾ ഇൻഷ്വർ ചെയ്തതുകൊണ്ട് എം.എ.സിടി കേസ്സുകൾ മൂലമുണ്ടാകുന്ന ബാദ്ധ്യത കുറയ്ക്കുന്നതിനും ഓപ്പറേറ്റിംഗ് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻസെന്റീവ് സ്കീം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>6. ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി കംപ്യൂട്ടറൈസേഷൻ എല്ലാ യൂണിറ്റുകളിലും ചീഫ് ഓഫീസിലും നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ടയർ, റീട്രേഡിംഗ് സ്പെയർ പാർട്സുകൾ എന്നിവയുടെ ഉപയോഗം അവലോകനം ചെയ്ത് നിയന്ത്രിച്ച് ചെലവു ചുരുക്കൽ, ഇതുവഴി പ്രതിമാസം ഒരു കോടി പന്ത്രണ്ട് ലക്ഷം രൂപയുടെ ടയർ/റീട്രേഡിംഗ് റബ്ബർ കുറയ്ക്കാനായി<br><br>7. എല്ലാ യൂണിറ്റുകളിലും ആധുനിക സജ്ജീകരണങ്ങളുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതുമൂലം ജോലിഭാരം കുറയ്ക്കുന്നതിന് സാധിക്കുന്നതാണ്.<br><br>8. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതാണ്. റെന്റ് ഡെപ്പോസിറ്റ് സ്കീം അനുസരിച്ചു ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതാണ്. ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും, ടിക്കറ്റിലും പരസ്യം നൽകി വരുമാനം വർദ്ധിപ്പിക്കുന്നതാണ്.<br><br>9. അനധികൃത സർവ്വീസുകൾ പരമാവധി നിയന്ത്രിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നു.<br><br>10. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽ നിന്നും മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് അഞ്ഞൂറ് (500) രൂപ വരെ ഫൈൻ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവഴി ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു.<br><br>മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതു വഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും കഴിയുന്നതാണ്. |
| (ബി) | ഇതിന്റെ ഫലമായി സാമ്പത്തിക നില മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | വരുമാനം വർദ്ധിപ്പിക്കുവാനും ചെലവിനത്തിൽ കുറവ് വരുത്തുവാനും സാധിച്ചിട്ടുണ്ട്. |
| (സി) | ഡീസൽ വില വർദ്ധനവ് കെ.എസ്.ആർ.ടി.സി.യ്ക്ക് എന്തു മാത്രം അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു എന്ന് അറിയിക്കുമോ; | (സി) | ഇതുവരെ വന്ന ഡീസൽ വിലവർദ്ധനവ്മൂലം കെ.എസ്.ആർടി.സി. ക്ക് പ്രതിമാസം നാല് കോടി എഴുപത്തി നാല് ലക്ഷം (4,74,00,000) രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. കൂടുതൽ ബസ്സുകൾ ഓടുന്ന മുറയ്ക്ക് ഇത് വർദ്ധിക്കുന്നതുമാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | വർക്ക്ഷോപ്പുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടക്കാലത്ത് നിർത്തിവച്ചിരുന്ന ബോഡിബിൽഡിംഗ് പുനരാരംഭിച്ചു. ഇതിന്റെ ഭാഗമായി കെ.എസ്.ആർടിസിയുടെ അഞ്ച് (5 ) വർക്ക്ഷോപ്പുകളിലും ബോഡി നിർമ്മാണം ആരംഭിച്ചു. ഇതിനാവശ്യമായ ആധുനിക യന്ത്ര സാമഗ്രികൾ 58.71 ലക്ഷം രൂപയ്ക്ക് വാങ്ങുകയും ചെയ്തു. 817 പുതിയ ബസ്സുകൾ ബോഡി ചെയ്ത് നിരത്തിലിറക്കി. ഇതിനു പുറമേ ബോഡി ബിൽഡിംഗിൽ അക്രെഡിറ്റേഷൻ കിട്ടുന്നതിനായി വേണ്ട നടപടികൾ എടുത്തുവരുന്നു ണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 236 * 02.07.2008- ൽ മറുപടിയ്ക്ക്

# ഹജ്ജ് തീർത്ഥാടനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.കെ.ടി.ജലീൽ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ഹജ്ജ് - 2008 നുള്ള അപേക്ഷകൾ ക്ഷണിക്കുകയും അപ്രകാരം 29054 അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 19-06-2008-ന് നറുക്കെടുപ്പ് നടത്തുകയും അതിലൂടെ 7208 പേരെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ ഇവർക്ക് പോളിയോ വാക്സിൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) ഈ വർഷം കേരളത്തിൽ നിന്നും എത്ര പേർക്കാണ് ഹജ്ജ് തീർത്ഥാടനത്തിന് അനുമതി ലഭിച്ചിട്ടുള്ളത് ;<br>ഓരോ സംസ്ഥാനത്തിനും ക്വോട്ട നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണ് ; | (ബി) 7208 പേർക്ക്.<br>ഓരോ സംസ്ഥാനത്തിനും ആ സംസ്ഥാനത്തിലെ മുസ്ലീം ജനസംഖ്യക്ക് അനുപാതികമായാണ് ഹജ്ജ് ക്വോട്ട നിശ്ചയിക്കുന്നത്. |

(തുടർച്ച പേജ് ....... 2)

| | | | |
|---|---|---|---|
| (സി) | അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി ഓരോ സംസ്ഥാനത്തിനും ക്വോട്ട അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; | (സി) | അംഗീകരിച്ചിട്ടില്ല |
| (ഡി) | വഖഫ് ബോർഡിലെ ക്രമക്കേടുകൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ഡി) | വഖഫ് ബോർഡിലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു. പ്രസ്തുത അന്വേഷണത്തിനായി 10-09-2007 ലെ സ.ഉ.(സാധാ) നം.3771/07/റവന്യൂ ഉത്തരവ് പ്രകാരം ശ്രീ.എം.എ.നിസ്സാറിനെ (മുൻ ജില്ലാ ജഡ്ജ്) എൻക്വയറി കമ്മീഷണറായും, ശ്രീ.അബൂബക്കർ ചേങ്ങോട്ട് (മുൻ പ്രൊസിക്യൂഷൻ ഡയറക്ടർ, എറണാകുളം) മെമ്പർ സെക്രട്ടറിയുമായുള്ള അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷൻ പ്രവർത്തനം നടന്നുവരുന്നു. |
| (ഇ) | വഖഫ് സ്വത്ത് സംരക്ഷണത്തിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | വഖഫ് ആക്ടനുസരിച്ച് സംസ്ഥാന വഖഫ് ബോർഡ് മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളാ നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 237 — 2.07.2008- ൽ മറുപടിക്ക്.

### ഭൂമിയുടെ ന്യായവില നിശ്ചയിച്ചതു സംബന്ധിച്ച പരാതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ബാബു:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(ബഹു:റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ചതു സംബന്ധിച്ച് വ്യാപകമായ പാതികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യാപകമായ പരാതികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 21.6.2008 വരെ സംസ്ഥാനമാകെ 499 ആക്ഷേപങ്ങളും, നിർദ്ദേശങ്ങളും മാത്രമാണ് ലഭിച്ചത്. |
| (ബി) ഇത്തരത്തിൽ വില നിശ്ചയിക്കുന്നതിന് നിലവിലുണ്ടായിരുന്ന ശാസ്ത്രീയ മാർഗ്ഗവും മാനദണ്ഡങ്ങളും പരിഗണിക്കാതെ ധൃതിപിടിച്ച് പ്രഖ്യാപിച്ച വില നിർണ്ണയം പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് ഭൂമിയ്ക്ക് ന്യായവില നിജപ്പെടുത്തിയിട്ടുള്ളത് അവധാനതയോടെ, എല്ലാവിധ ശാസ്ത്രീയ മാർഗ്ഗങ്ങളും അവലംബിച്ചാണ്. |
| (സി) ഇതു സംബന്ധിച്ച് വില്ലേജ്-താലൂക്ക് ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട ആർ.ഡി.ഒ.യാണ് തീർപ്പുകൽപ്പിക്കേണ്ടത്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർക്കുന്നതിന് നിബന്ധനകൾ നൽകിയിട്ടുണ്ട്. കൂടാതെ ഈ നടപടിക്ക് പുറമേ www.igr.kerala.gov.in എന്ന വെബ് സൈറ്റിലും കരട് വിജ്ഞാപനം ലഭ്യമാക്കിയിട്ടുള്ളതിനാൽ യൂസർ ലോഗിൻ ജാലകത്തിലൂടെ ആർ.ഡി.ഒ.മാർക്ക് രഹസ്യ പാസ് വേർഡ് ഉപയോഗിച്ച് ആവശ്യമെന്നുകാണുന്നപക്ഷം ഭേദപ്പെടുത്തലുകളും തിരുത്തലുകളും ഓൺ ലൈൻ ആയി ചെയ്യുന്നതിനു കൂടി സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 238 — 02.07.2008 ൽ മറുപടിക്ക്

# ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. കെ. രാജു<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ തദ്ദേശസ്ഥാപനങ്ങൾ വഴി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ? | (എ) | ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കി വരുന്നു.<br>1. കൊതുക് നിവാരണ പ്രവർത്തനങ്ങളും ചിക്കുൻ ഗുനിയ രോഗപ്രതിരോധ പ്രവർത്തനങ്ങളും.<br>2. കേരളത്തിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും (സി.എച്ച്.സി) ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്റ്റാന്റേർഡിലേക്ക് (ഐ.പി.എച്ച്.എസ്) ഉയർത്താൻ നടപടി സ്വീകരിച്ചു. ഇതിനു വേണ്ടി രൂപീകരിച്ച സ്ഥാപനതല കമ്മറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സമിതിയുടെ ചെയർ പേഴ്സൺ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടാണ്.<br>3. വാർഡ് തലത്തിൽ ആരോഗ്യ, ശുചിത്വ കമ്മറ്റികൾ രൂപീകരിച്ച് സംസ്ഥാനത്തുടനീളം ആരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>4. സംസ്ഥാനതലത്തിൽ രൂപീകരിച്ച കേരള സംസ്ഥാന ഗ്രാമീണ ആരോഗ്യ മിഷനിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ ഹെൽത്ത്മിഷന്റെ ചെയർപേഴ്സൺ ജില്ലാപഞ്ചായത്ത് പ്രസിഡണ്ടാണ്. ജില്ലാകുടുംബക്ഷേമ ആരോഗ്യ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി ചെയർപേഴ്സണും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടാണ് |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | | | 5. ജില്ലാതലത്തിലുള്ള എല്ലാ ആരോഗ്യ കേരളം പദ്ധതികളും നടപ്പാക്കുന്നത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി വഴി തദ്ദേശ സ്ഥാപനങ്ങളുടെസഹകരണത്തോടു കൂടിയാണ്.<br><br>6. തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യ വകുപ്പിന്റെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് സ്വതന്ത്ര വിനിയോഗ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും നൽകി. ഇതുകൂടാതെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റികൾക്ക് (എച്ച്.എം.സി) ആരോഗ്യ മിഷൻ വഴി ധനസഹായം നൽകി. |
| (ബി) | സാമൂഹിക പങ്കാളിത്തത്തോടു കൂടിയുള്ള സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ ? എങ്കിൽ ഈ പദ്ധതിക്കായി മാരോ ജില്ലയ്ക്കും ഇപ്പോൾ എത്ര രൂപ വീതം നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | ഉണ്ട്.<br>എല്ലാ ജില്ലകളിലും ഇതിനുവേണ്ടി പദ്ധതികൾ വച്ചിട്ടുണ്ട്.<br>മലപ്പുറം : 74,81,000/<br>കോഴിക്കോട്: 50,45,000/-<br>തൃശ്ശൂർ, പാലക്കാട്, കണ്ണൂർ. വയനാട് 1,52,92,000/- രൂപ വീതം<br>കാസർകോട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം 1,25,05,600/- രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. |
| (സി) | ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കേരളത്തിൽ എല്ലാ ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള സാന്ത്വന പരിചരണം വ്യാപിപ്പിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 239 — 2.07.2008-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ വൽക്കരണം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ജെ.തങ്കപ്പൻ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.പി.കെ.എ.റഹിം:<br>ശ്രീ.എം.ജെ.ജേക്കബ്:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) 13 സോഫ്റ്റ് വെയറുകൾ ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ചിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.<br><br>2000-ൽ തിരുവനന്തപുരം ജില്ലയിലെ 5 പഞ്ചായത്തുകളിൽ ചില സോഫ്റ്റുവെയറുകൾ പരീക്ഷണാർത്ഥം വിന്യസിച്ചു.<br><br>2002-ൽ പൈലറ്റടിസ്ഥാനത്തിൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം സമാരംഭിച്ചു. 2003-ൽ ജനസേവന കേന്ദ്രം ഉൾപ്പെടെ പൂർത്തീകരിച്ചു.<br><br>പരിശീലനത്തിനാവശ്യമായ സാധന സാമഗ്രികൾ, പരിശീലനരീതി-ശാസ്ത്രം, മാന്വലുകൾ, |

വർക്കുബെഞ്ചുകൾ എന്നിവ തയ്യാറാക്കി. 5651 ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി.

2004-ൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ഉണ്ടായിരുന്ന കമ്പ്യൂട്ടറുകളെ അപ്ഗ്രേഡ് ചെയ്ത് പ്ലാൻ മോണിട്ടറിംഗിന് സജ്ജമാക്കി.

2005-ൽ പൈലറ്റടിസ്ഥാനത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ ജനസേവന കേന്ദ്രം ഉൾപ്പെടെ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കി.

2005-ൽ 297 ഗ്രാമപഞ്ചായത്തുകളിൽ സ്വന്തമായോ, കുടുംബശ്രീവകയായോ ജലനിധി വഴിയോ ലഭ്യമായ കമ്പ്യൂട്ടറുകളിൽ സേവന, സുലേഖ എന്നീ സോഫ്റ്റ്‌വെയറുകൾ വിന്യസിപ്പിക്കുവാൻ നടപടിയെടുത്തു.

2007 ജനുവരിയിൽ കമ്പ്യൂട്ടർ ലഭ്യമായ 433 ഗ്രാമപഞ്ചായത്തു-കളിലും 151 ബ്ലോക്കു പഞ്ചായത്തിലും എല്ലാ ജില്ലാ പഞ്ചായത്തിലും സെർവ്വർ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇൻഫർമേഷൻ കേരള മിഷൻ വഴി സ്ഥാപിച്ചു പ്രവർത്തനം പുരോഗമിക്കുന്നു.

2007- ജൂണിൽ ഡി.ജി.എസ് ആൻറ് ഡി റേറ്റ് കോൺട്രാക്ട് പ്രകാരം പഞ്ചായത്തുകൾക്ക് ഹാർഡ്-

| | | | |
|---|---|---|---|
| | | | വെയർ വാങ്ങാനുള്ള സർക്കാർ അനുമതി നൽകി.<br><br>പി.എഫ് സംവിധാനം കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞു.<br><br>സേവന സിവിൽ രജിസ്ട്രേഷൻ , സ്ഥാപന ആക്റ്റ് & റൂൾസ് , വെബ്സൈറ്റ്, പദ്ധതി നിർവ്വഹണം എന്നീ സോഫ്റ്റ് വെയറുകൾ 53 മുനിസിപ്പാലിറ്റികളിലും വിന്യസിച്ചു.<br><br>എല്ലാ കോർപ്പറേഷനുകളിലും, നഗരസഭകളിലും ജനനമരണ രജിസ്ട്രേഷൻ വർഷങ്ങളായി കമ്പ്യൂട്ടർ വൽക്കൃതമായി നടന്നുവരുന്നു. (2002 മുതൽ തിരുവനന്തപുരം ഒഴികെയുള്ള കോർപ്പറേഷനുകളിലും, 2005 മുതൽ എല്ലാ നഗരസഭകളിലും) |
| (ബി) | എത്ര പഞ്ചായത്തുകളിലും നഗരസഭകളിലും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുണ്ട് ; എത്ര പഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കിയിട്ടുണ്ട് ; | (ബി) | 995 ഗ്രാമപഞ്ചായത്തുകളിലും, 53 മുനിസിപ്പാലിറ്റികളിലും, 5 കോർപ്പറേഷനുകളിലും, 151 ബ്ലോക്ക് പഞ്ചായത്തുകളിലും 14 ജില്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുണ്ട്. 816 ഗ്രാമപഞ്ചായത്തുകളിലും, 151 ബ്ലോക്ക് പഞ്ചായത്തുകളിലും, 8 ജില്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 5651 ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോർപ്പറേഷനുകളിലും നഗരങ്ങളിലും ജനന മരണ രജിസ്ട്രേഷൻ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (സി) | നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ആശുപത്രികളിൽ തന്നെ കിയോസ്കുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ? | (ഡി) | കേരളത്തിലെ 5 കോർപ്പറേഷനുകളിലും, 17 മുനിസിപ്പാലിറ്റികളിലും, 16 ഗ്രാമപഞ്ചായത്തുകളിലും, 55 സർക്കാർ ആശുപത്രികളിലും, 193 സ്വകാര്യ ആശുപത്രികളിലും ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. |

D. Shiloj Kumar

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.240 — 2.7.2008 -ൽ മറുപടിക്ക്

## കുടുംബശ്രീ പ്രവർത്തനവും അതിന്റെ പുതിയ പദ്ധതികളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ.അബ്ദുറബ്ബ് | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ ; | (എ) | ഗവേണിംഗ് ബോഡിയോഗങ്ങളിലൂടെയും, സംസ്ഥാന / ജില്ലാതലങ്ങളിൽ സംഘടിപ്പിക്കാറുള്ള പദ്ധതി അവലോകനയോഗങ്ങളിലൂടെയും, കുടുംബശ്രീ ജില്ലാമിഷൻ കോഡിനേറ്റർമാരുടെ പ്രതിവാര വീഡിയോ കോൺഫറൻസിലൂടെയും, കുടുംബശ്രീ സംവിധാനങ്ങളുടെ പ്രവർത്തനവും, പദ്ധതി നടത്തിപ്പും അവലോകനം ചെയ്യാറുണ്ട്. |
| (ബി) | 10 വർഷം പിന്നിട്ട കുടുംബശ്രീ പ്രവർത്തനവും അതിന്റെ പുതിയ പദ്ധതികളും എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (ബി) | കുടുംബശ്രീയുടെ കഴിഞ്ഞ പത്തുവർഷത്തെ പ്രവർത്തനനേട്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങളും, പുതുതായി ആരംഭിച്ച പദ്ധതികളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (സി) | അംഗങ്ങളിൽ നിന്നും സ്വരൂപിച്ച ത്രിഫ്റ്റ് കളക്ഷൻ ബാങ്കുകളിൽ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | അംഗങ്ങളിൽ നിന്നും സ്വരൂപിച്ച ത്രിഫ്റ്റ് കളക്ഷൻ ബാങ്കുകളിൽ കെട്ടികിടപ്പില്ല. അംഗങ്ങളുടെ സമ്പാദ്യം ആഭ്യന്തരവായ്പയായി നൽകുന്നതിന് ഉപയോഗിക്കുന്നു. |
| (ഡി) | ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കുടുംബശ്രീ പരിപാടിയുടെ നേട്ടങ്ങൾ

1) സംസ്ഥാനത്തെ മുഴുവൻ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലും കുടുംബശ്രീ പരിപാടി നടപ്പാക്കുന്നു-999 ഗ്രാമപഞ്ചായത്തുകൾ, 53 മുനിസിപ്പാലിറ്റികൾ, അഞ്ചു കോർപറേഷനുകൾ

2) 37.78 ലക്ഷം സ്ത്രീകളെ ഉൾപെടുത്തി 1.8 ലക്ഷം അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു.

3) മിതവ്യയത്തിലൂടെ കുടുംബശ്രീ അംഗങ്ങളുടെ സമ്പാദ്യം 1054 കോടി രൂപ.

4) അഭ്യന്തരമായി വായ്പ കൊടുത്ത തുക-2255.59 കോടി രൂപ

5) 87,715 അയൽക്കൂട്ടങ്ങളെ ബാങ്കുകളുമായി ബന്ധപ്പെടുത്തി. അവയുടെ തിട്ടപ്പെടുത്തിയ നീക്കിയിരിപ്പ് 461.81 കോടി രൂപ.

6) 40447 ബാലസഭകളിലായി 6.95 ലക്ഷം കുട്ടികൾ

7) ഭവനശ്രീ സൂക്ഷ്മ ഭവനപദ്ധതി പ്രകാരം 28,707 വായ്പകൾ അനുവദിച്ചു-മൊത്തം വായ്പാ തുക 168.11 കോടി രൂപ.

8) 820 ഗ്രാമപഞ്ചായത്തുകളിലായി 44638 ഏക്കർ സ്ഥലത്ത് കൃഷിയിറിക്കി. 2,34,812 കുടുംബങ്ങൾ ഇതിൽ പങ്കാളികളായി

9) ഗ്രാമീണ സൂക്ഷ്മ സംരംഭ (ആർഎംഇ) പരിപാടി പ്രകാരം 3980 ഗ്രൂപ്പ് സംരംഭങ്ങളും 1093 വ്യക്തിഗത് സംരംഭങ്ങളും ആരംഭിച്ചു.

10) പതിനെട്ടിനും മുപ്പത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ളവരെ ലക്ഷ്യമാക്കിയുള്ള യുവശ്രീ പരിപാടി പ്രകാരം നവീനമായ 361 ഗ്രൂപ്പ് സംരംഭങ്ങളും 279 വ്യക്തിഗത സംരംഭങ്ങളും ആരംഭിച്ചു.

11) 690 ഗ്രാമപഞ്ചായത്തുകളിലും 22 നഗരസഭകളിലും 'ആശ്രയ' (അഗതികളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പരിപാടി) ആരംഭിച്ചു.

12) നഗര സ്വയം തൊഴിൽ പരിപാടിക്കു കീഴിൽ വരുന്ന എസ്.ജെ.എസ്.ആർ. വൈ പ്രകാരം 23,186 വ്യക്തിഗത സംരംഭങ്ങളും 1577 ഗ്രൂപ്പ് സംരംഭങ്ങളും തുടങ്ങി. 38, 976 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

13) വാത്മീകി അംബേദ്കർ ആവാസ് യോജന അനുസരിച്ച് 54 നഗര പ്രാദേശിക സ്ഥാപനങ്ങളിലായി (യുഎൽബി) ദരിദ്ര കുടുംബങ്ങൾക്ക് 30,575 പാർപ്പിടങ്ങൾ അനുവദിച്ചു.

14) ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിന് 229 ക്ലീൻ കേരള ബിസിനസ്സ് യൂണിറ്റുകൾ തുടങ്ങി. കോഴിക്കോട് കോർപറേഷനിൽ മാത്രം ഇത്തരം 71 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

കുടുംബശ്രീ പുതുതായി ഏറ്റെടുക്കുന്ന പദ്ധതികൾ

## 1) ഉത്തരവാദിത്വ ടൂറിസം

പ്രകൃതിയേയും മനുഷ്യനേയും കോർത്തിണക്കിക്കൊണ്ടും സംസ്കാരത്തേയും കലയേയും സംരക്ഷിച്ചും തദ്ദേശവാസികൾക്ക് സാമ്പത്തിക നേട്ടം ഉറപ്പാക്കിക്കൊണ്ടും പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം.

തിരുവനന്തപുരം (കോവളം), കോട്ടയം (കുമരകം), ഇടുക്കി (കുമളി), വയനാട് ജില്ലകളിൽ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഹോട്ടലുകൾക്കാവശ്യമായ ഭക്ഷ്യ/മാംസ വസ്തുക്കൾ /പച്ചക്കറികൾ മുതലായവ പ്രാദേശികമായി ഉൽപാദിപ്പിച്ചും, ശേഖരിച്ചും നൽകുന്നതിനുള്ള പ്രവർത്തനമാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ളത് അതിലേക്കുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും ശേഖരിച്ച് ഹോട്ടലുകളിൽ എത്തിക്കുന്നതിനുമുള്ള യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്

## 2) സ്ത്രീപദവി സ്വയം പഠന പ്രക്രിയ

സാമ്പത്തിക സ്വാശ്രയത്വം, വിഭവവിനിയോഗത്തിനുള്ള അവകാശം, ആസ്തികളുടെ ഉടമസ്ഥത, തീരുമാനം എടുക്കുന്നതിലെ പങ്കാളിത്തവും അവകാശവും തുടങ്ങി സാമൂഹികവും സാമ്പത്തികവുമായ എല്ലാ ഘടകങ്ങളിലും സ്വയം നിർണ്ണയാവകാശവും ശേഷിയും ആർജ്ജിക്കുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുക എന്നതാണ് സ്ത്രീപദവി സ്വയം പഠന പ്രക്രിയയിലൂടെ ലക്ഷ്യമിടുന്നത് ഒരോ സ്ത്രീയുടെയും വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയാണ് പ്രക്രിയയുടെ ലക്ഷ്യം. ഇത് കേവലം ബോധവത്ക്കരണ പരിപാടിയല്ല, പരിശീലനമല്ല, മറിച്ച് പരസ്പരം അറിഞ്ഞും, അനുഭവങ്ങൾ പങ്കിട്ടും, നടത്തുന്ന ഒരു പങ്കാളിത്ത പഠന പ്രക്രിയയാണ്.

## 3)സാമൂഹ്യാധിഷ്ഠിത വിപണന ശൃംഖലാ രൂപീകരണം

കുടുംബശ്രീ മാസചന്തകളുടെ തുടർ പരിപാടിയായാണ് കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കുടുംബശ്രീ ഉൽപന്നങ്ങളെ ഉപഭോക്താക്കളുമായി നേരിട്ട് ബന്ധിപ്പിക്കുന്ന കണ്ണിയായി ഈ സംവിധാനം വർത്തിക്കും. കുടുംബശ്രീ മാസചന്തകളിലൂടെ സൃഷ്ടിക്കപ്പെടുന്ന വിതരണ ശൃംഖലയ്ക്ക് മാർക്കറ്റിംഗ് സെന്ററുകളിലൂടെ സ്ഥായീകരണം നൽകുന്നതിനും ചില്ലറ വ്യാപാര മേഖലയിലെ സാധ്യത

പരമാവധി പ്രയോജനപ്പെടുത്തി കുടുംബശ്രീ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി സാധ്യമാക്കുന്നതിനും ഈ സംവിധാനം ഉപകരിക്കും.

പൈലറ്റാടിസ്ഥാനത്തിൽ തിരുവനന്തപുരത്തും, കോഴിക്കോടും കൊടകരയിലും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

## 4)സമഗ്ര പദ്ധതികൾ

ദശവാർഷികത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) മാരാരി മഷ്റൂം- ആലപ്പുഴ ജില്ല
2) കൊണ്ടാട്ടം- പാലക്കാട് ജില്ല
3) കോക്കനട് ചിപ്പ്സ്- കോഴിക്കോട് ജില്ല
4) ആട് ഗ്രാമം- കണ്ണൂർ ജില്ല
5) ചെരുപ്പിന്റെ അപ്പർ നിർമ്മാണം- കോഴിക്കോട് ജില്ല
6) ട്യൂബർ ഉല്പന്നങ്ങൾ- കൊല്ലം ജില്ല
7) പാട്യം ഔഷധധാര- കണ്ണൂർ
8) കൂത്തുപറമ്പ് കൂൺ- കണ്ണൂർ
9) ക്ഷീരശ്രീ - തിരുവനന്തപുരം ജില്ല
10) ഹരിതശ്രീ ഫ്രഷ് - തിരുവനന്തപുരം ജില്ല

സെക്ഷൻ ഓഫീസർ